കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ചെറുകുന്ന് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട് 2015-16

# ജില്ലാഓഡിറ്റ് കാര്യാലയം, കണ്ണൂർ

e-mail:*lfaddistofficeknr@gmail.com*

നം.കെ.എസ്.എ/കെ.എൻ.ആർ-സി.7/1968 /2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ-670 001
E-mail : lfaddistofficeknr@gmail.com

Phone: 0497- 2707698.

തിയ്യതി: 04.01.2017.

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡണ്ട് (സെക്രട്ടറി മുഖാന്തിരം),
ചെറുകുന്ന് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം-ചെറുകുന്ന് ഗ്രാമപഞ്ചായത്ത്- 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) വകുപ്പ് എന്നിവയിലെ വ്യവസ്ഥകൾപ്രകാരം ചെറുകുന്ന് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വരവുചെലവു കണക്കുകളുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽനിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ 2,3 ഭാഗങ്ങളിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ15(1)ചട്ടം 20, 23; 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം(ഇ-മെയിൽ)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,കണ്ണൂർ(ഉപരിപത്രം സഹിതം)

3) കാര്യാലയ പ്രതി.

നം. കെ. എസ്. എ. കെ.എൻ.ആർ./ സി7-1968 /2016

തീയതി : 04.01.2017

# കണ്ണൂർ ജില്ലയിലെ ചെറുകുന്ന് ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

## ആമുഖം

ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.

ഗ്രാമപഞ്ചായത്ത് 03.03.16 മുതൽ 13.10.16 തീയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിക്കുക യുണ്ടായി. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ്നടത്തിയതിന്റെവിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | ശ്രീ അശോകൻ മഠത്തിൽ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 14.10.2016 മുതൽ 21.10.2016 വരെ. |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| പേര് | തസ്തിക |
|---|---|

| | |
|---|---|
| കെ.വി. സുരേഷ് ബാബു | ഓഡിറ്റ് ഓഫീസർ |
| ഷഹീൻ.പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ഷിജില.വി.ഡി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ബാബു കിഴക്കേവീട്ടിൽ | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | കെ. നാരായണി ടീച്ചർ<br>പി.കെ. അസ്സൻകുഞ്ഞി മാസ്റ്റർ | 01-04-2015മുതൽ30-09-2015വരെ<br>19-11-2015മുതൽ31-03-2016വരെ |
| ഭരണ നിർവഹണ കമ്മറ്റി | പി.ബാലൻ, സെക്രട്ടറി<br>രാഖി.കെ, കൃഷി ഓഫിസർ,<br>രേണുക പാറയിൽ, ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-10-2015മുതൽ18-11-2015വരെ |
| സെക്രട്ടറി | എം. ശാർങ്ങധരൻ(അസിസ്റ്റന്റ് സെക്രട്ടറി-ഇൻ ചാർജ്) | 01-04-2015മുതൽ08-07-2015വരെ |
| | എ.വി പ്രകാശൻ | 08-07-15 മുതൽ 22-07-15വരെ |
| | പി.ബാലൻ | 23-07-15 മുതൽ 31-03-2016 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി. എഞ്ചിനീയർ | ശ്രീമതി രേഖ എം | 01.04.15 മുതൽ31.03.16വരെ |
| കൃഷി ഓഫീസർ | ശ്രീമതി രാഖി കെ | 01.04.15 മുതൽ31.03.16വരെ |
| വി ഇ ഒ -1 | ശ്രീ ഷനിൽ എം | 01.04.15മുതൽ12-10-2015വരെ |
| | ശ്രീ.അബ്ദുൾ ഹക്കിം.ടി | 13-10-2015മുതൽ31-03-2016വരെ |
| വി ഇ ഒ -2 | ശ്രീമതി ഷീന കെഎം | 01.04.15 മുതൽ 31-03-2016 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ. | ശ്രീമതി രേണുക പാറയിൽ | 01-04-15മുതൽ 31-03-16വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ (പ്രൈമറി ഹെൽത്ത് സെന്റർ) | ഡോ.അമൂല്യ ഭാർഗ്ഗവൻ | 01-04-15മുതൽ31-03-16വരെ |
| മെഡിക്കൽ ഓഫീസർ(ആയുർവേദം) | ഡോ.മുരളീ മനോഹരൻ.പി.കെ | 01-04-15മുതൽ31-03-16വരെ |
| വെറ്ററിനറി സർജൻ | ഡോ. ആശ ബാലൻ | 01.04.15മുതൽ 31.03.16 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | എം ശാർങധരൻ | 01-04-2015മുതൽ31-03-2016വരെ |
| ഹെഡ് മാസ്റ്റർ ജി എൽ പി എസ് ചെറുകുന്ന് | വിനോദൻ.കെ.സി | 01-04-15 മുതൽ 26-05-15 വരെ |
| | എൻ .വി. ദിനേശ് ബാബു | 27.05.15മുതൽ 31.03.16 വരെ |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | പി.കണ്ണൻ | 01.04.15മുതൽ 31.03.16 വരെ |

ഉള്ളടക്കം


| ഖണ്ഡിക നമ്പർ | വിഷയം | പേജ് നമ്പർ |
|---|---|---|
| ഭാഗം1<br>പൊതു അവലോകനം | | |
| 1-1 | ബജറ്റ് | |
| 1-2 | വാർഷികധനകാര്യപത്രിക | |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | |
| 1-4 | സാമ്പത്തിക വിശകലനം | |
| 1-5 | ഫണ്ട് വിനിയോഗം | |
| 1-6 | പദ്ധതി അവലോകനം | |

| | | |
|---|---|---|
| 1-7 | തനത് വരുമാനം. | |
| 1-8 | ക്ഷേമപദ്ധതികൾ | |
| 1-9 | ക്യാഷ് വെരിഫിക്കേഷൻ | |
| 1-10 | ആഭ്യന്തരനിയന്ത്രണം. | |
| 1-11 | ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല. | |
| 1-12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | |
| ഭാഗം-2<br>വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 2-1 | ചെറുകുന്ന് ശ്രീ അന്നപൂർണ്ണേശ്വരി ക്ഷേത്രജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നില്ല.ഗ്രാമപഞ്ചായത്തിന് ലക്ഷക്കണക്കിന് രൂപയുടെ വരുമാനനഷ്ടം | |
| 2-2 | സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്തതിനാലുള്ള വരുമാനനഷ്ടം | |
| 2-3 | ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള അനധികൃത മൊബൈൽ ടവറുകൾ 8 എണ്ണം-നിയമനടപടി സ്വീകരിക്കുന്നതിലെ വീഴ്ച-പഞ്ചായത്തിന് നഷ്ടമാവുന്നത് ലക്ഷങ്ങൾ | |
| 2-4 | നിർമ്മാണ ക്രമവൽക്കരണം - രജിസ്റ്റർ സൂക്ഷിപ്പ് അപാകങ്ങൾ | |
| 2-5 | ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള കെട്ടിടങ്ങൾ ലേലം ചെയ്യുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. | |
| 2-6 | ഡി&ഒ ലൈസൻസ് :സാനിറ്റേഷൻ സർട്ടിഫിക്കറ്റില്ലാതെ കച്ചവടസ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയത് സംബന്ധിച്ച്. | |
| 2-7 | വരവിനങ്ങളുടെ പിരിവ് പുരോഗതി | |
| ഭാഗം-3<br>ചെലവുകണക്കുകളിൻ മേലുള്ള ഓഡിറ്റ് നീരീക്ഷണങ്ങൾ | | |

| | | |
|---|---|---|
| 3-1 | സേവനപുസ്തകം ഹാജരാക്കിയില്ല-ടെർമിനൽ സറണ്ടർ ഇനത്തിലെ 3,53,580/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | |
| 3-2 | ഗ്രാമപഞ്ചായത്താഫീസിലേക്ക് ഫോട്ടോകോപ്പിയർ വാങ്ങൽ-പരമാവധി വിൽപ്പനവിലയിലും അധികരിച്ച് വില ഈടാക്കിയത് ക്രമപ്രകാരമല്ല:9411/-രൂപ ഈടാക്കേണ്ടതാണ്. | |
| 3-3 | ഫർണ്ണിച്ചർ വാങ്ങൽ-ടെണ്ടർ പ്രകാരം അംഗീകരിച്ച നിരക്കിനെക്കാൾ കുറഞ്ഞ നിരക്കിലുള്ളവ സപ്ലൈ ചെയ്തു:3150/-രൂപയുടെ നഷ്ടം ഈടാക്കേണ്ടതും പ്രൊക്യൂർമെന്റ് മാന്വലിലെ വ്യവസ്ഥകൾ ലംഘിച്ചതിന് കരാറുകാരനെതിരെ നടപടി സ്വീകരിക്കേണ്ടതുമാണ്. | |
| 3-4 | പഞ്ചായത്താഫീസ് നവീകരണത്തിന്റെ ഭാഗമായി റബ്കോയിൽ നിന്ന് ഫർണ്ണിച്ചർ വാങ്ങിയതിലും സ്ഥാപിച്ചതിലും അപാകങ്ങൾ-11,44,945/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | |
| 3-5 | ഭവനനിർമ്മാണത്തിന് സ്ഥലം വാങ്ങൽ- ഭവനനിർമ്മാണത്തിന് അനുയോജ്യമല്ലാത്ത നഞ്ച(വയൽ) പ്രദേശത്തിലുൾപ്പെടുന്ന സ്ഥലം വാങ്ങി ഗുണഭോക്താവിന് നൽകിയത് ക്രമപ്രകാരമല്ല. 1,50,000/-രൂപയുടെ ചെലവ് നിരാകരിക്കുന്നു. | |
| 3-6 | പട്ടികജാതികോളനികളിൽ സോളാർ എൽ.ഇ.ഡി ലാമ്പ് -ക്ഷമതയുള്ള എൻജിനീയറിംഗ് വിഭാഗത്തിൽ നിന്നുള്ള സാക്ഷ്യപത്രമില്ലാതെ കരാറുകാരന് തുക നൽകി- 2,55,600/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | |
| 3-7 | ദാലിൽ ശ്മശാന റോഡ് സോളിംഗ് ടാറിംഗ് അപാകതകൾ | |
| 3-8 | മൃഗാശുപത്രി കെട്ടിടം അനുബന്ധ സൗകര്യം ഒരുക്കൽ അപാകതകൾ | |

| | | |
|---|---|---|
| 3-9 | മൃഗാശുപത്രി കെട്ടിടം നിർമ്മാണം പൂർത്തീകരിച്ചിട്ടും പ്രവർത്തനം ആരംഭിച്ചിട്ടില്ല. 27ലക്ഷത്തിലധികം നിഷ് ക്രിയമായി കിടക്കുന്നു. | |
| 3-10 | സമഗ്ര രോഗപ്രതിരോധ പരിപാടി അപാകതകൾ സംബന്ധിച്ച് | |
| 3-11 | ഇ -ടെണ്ടർ പ്രകാരം ലഭിച്ച ടെണ്ടർ ഫോറം വില പഞ്ചായത്ത് ഫണ്ടിൽ വരവ് വെച്ചിട്ടില്ല | |
| 3-12 | ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്കും അർഹതയില്ലാത്ത വർക്കും ക്ഷീര -ഉൽപ്പാദനബോണസ് നൽകിയത് അനുവദനീയ മല്ല-10151/-രൂപയുടെ ചെലവ് നിരാകരിക്കുന്നു | |
| 3-13 | സർക്കാർ ഉത്തരവിൽ പറഞ്ഞതിനെക്കാൾ അധികരിച്ച നിരക്കിൽ ഫർണ്ണിച്ചർ വാങ്ങി. റബ്കോയുമായി കരാറിലേർപ്പെട്ടില്ല -175731/-രൂപ തടസ്സപ്പെടുത്തുന്നു. | |
| 3-14 | പദ്ധതിനിർവഹണം-പദ്ധതി മാർഗ്ഗരേഖയിൽവ്യക്തമാക്കിയ മാനദണ്ഡത്തിനനുസൃതമായി രേഖകൾ ഹാജരാക്കിയില്ല.ചെലവ് തുക 87,500/- തടസ്സപ്പെടുത്തുന്നു. | |
| 3-15 | ആശ്രയ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. | |
| 3-16 | മരുന്നുകൾ ലഭിക്കുന്നതിലുള്ള ദീർഘമായ കാലതാമസം -പ്രൊജക്ട് നിർവഹണത്തെ ബാധിക്കുന്നു. | |
| 3-17 | ആസ്പത്രി മാനേജിംഗ് കമ്മറ്റി ചേരുന്നതിലും കണക്കുകൾ തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കുന്നതിലും വീഴ്ചകൾ: | |
| 3-18 | നെൽകൃഷിക്ക് കൂലിച്ചെലവ് വിതരണം – ജില്ലാപഞ്ചായത്ത് വിഹിതം 1,50,000/രൂപ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചില്ല. | |
| 3-19 | കൃഷിഭവനിലെ ട്രാക്ടറിന് ലോഗ് ബുക്ക് സൂക്ഷിക്കാത്തത് സംബന്ധിച്ച് | |

ഭാഗം-4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

| | | |
|---|---|---|
| 4-1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | |
| 4-2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | |
| 4-4 | വായ്പ/ വായ്പ തിരിച്ചടവ് | |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ | |
| 4-6 | ഓഡിറ്റ് റിക്കവറി | |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | |
| 4-8 | ഓഡിറ്റ് പ്രത്യവലോകനം | |
| 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരങ്ങൾ | |
| അനുബന്ധ പത്രികകൾ – | | |
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | |
| 2 | ഇൻകം & എക്സ്പെന്റീച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | റസീറ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |
| 4 | ബാലൻസ് ഷീറ്റ് | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 27-03-2015 ലെ 31/2015 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ

ബജറ്റ് 03.03.2016 തീയതിയിലെ 39/16 നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചു.

| | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം | | ശതമാനം(+)(-) |
|---|---|---|---|---|---|
| | | | കൂടുതൽ | കുറവ് | |
| മുന്നിരിപ്പ് | 6,60,00,000 | 91,13,378.89 | | | |
| വരവ് | 2,18,12,176 | 2,45,81,780.00 | 27,69,604 | | (+)12.70 |
| ആകെ | 2,84,12,176 | 3,36,95,158.89 | | | |
| ചെലവ് | 2,56,40,736 | 3,01,47,729.00 | | 45,06,993 | (-)17.57 |
| നീക്കിയിരിപ്പ് | 27,71,440 | 35,47,429.89 | | | |

ബജറ്റ് പ്രകാരമുള്ള വലവ്-ചെലവുകളും യഥാർത്ഥ വരവ് ചെലവുകളും തമ്മിൽ വലിയ അന്തരമുണ്ട്. യാഥാർത്ഥ്യബോധത്തോടെയും ശാസ്ത്രീയമായും ബജറ്റ് തയ്യാറാക്കുന്നതിൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|---|
| 2015-16 | 31-07-2016 | 13-07-16 | തിരിച്ചയച്ചിട്ടില്ല |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോ ധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി | സർട്ടിഫിക്കറ്റ് തരം |
|---|---|---|---|
| 2015-16 | 21-10-16 | KSA/KNR /C7/1968/2016 തീയ്യതി 04.01.2017 | വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം |

വാർഷിക കണക്കിലെ അപാകതകൾ

1-അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടത്തിയ 5 ലക്ഷത്തിലധികം വരുന്ന നിർമ്മാണ പ്രവൃത്തികളുടെ ടെണ്ടർ ഫോറം ₹35,910വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനിയറിൽ നിന്നും ലഭിക്കാനുണ്ടെങ്കിലും ആയത് വാർഷിക കണക്കിൽ ഉൾപ്പടുത്തിയിട്ടില്ല.

2- ചെമ്മീൻ കണ്ടി ലേല ഇനത്തിൽ ലഭിക്കാനുള്ള ₹71,500 വാർഷിക കണക്കിൽ ഉൾപ്പടുത്തിയിട്ടില്ല

3-പ്രധാന തനത് വരുമാന ഇനങ്ങളായ വസ്തുനികുതി, കെട്ടിട നിർമ്മാണ പെർമിറ്റ് ഫീ, ടെണ്ടർ ഫോറം വില എന്നിവയുടെ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ സംക്ഷിപ്തം ഹാജരാക്കിയിട്ടില്ല.

4- ബി-11 ഷെഡ്യൂൾ പ്രകാരമുള്ള ആസ്തികളുടെ മൂല്യം സംബന്ധിച്ച രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

| വർഷം | 2015-2016 |
|---|---|
| മുന്നിരിപ്പ് | 9113378.89 |
| വരവ് | 24581780.00 |
| ആകെ | 33695158.89 |
| ചെലവ് | 30147729.00 |
| നീക്കിയിരിപ്പ് | 3547429.89 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ട്രാൻഫർ ക്രെഡിറ്റ് | ചെലവ് ശതമാനം | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 14,88,130 | 46,40,359 | 61,28,489 | 61,28,489 | -- | 100 | 0 |

| | | | | | | | |
|---|---|---|---|---|---|---|---|
| വികസനഫണ്ട് എസ്.സി.പി. | 11,27,748 | 22,14,063 | 24,64,063 | 24,64,063 | (-)8,77,748 | 100 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 21,000 | 21,000 | 21,000 | | 100 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 3,16,709 | 34,27,188 | 34,27,188 | 34,27,188 | (-)3,16,709 | 100 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 3,65,892 | 13,18,270 | 20,00,871 | 20,00,871 | (+)3,16,709 | 100 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 6,65,069 | 25,58,445 | 26,05,242 | 26,05,242 | (-)6,18,272 | 100 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 17,04,000 | 9,03,532 | 16,57,532 | 16,57,532 | (-)9,50,000 | 100 | 0 |
| എം.എൻ.ആർ. ഇ.ജി.എസ്. | 2,290 | 61,54,134 | 61,56,424 | 61,56,359 | | 100 | 65 |
| ബി ഫണ്ട് | 0 | 1,58,60,670 | 1,58,60,670 | 1,58,60,670 | | 100 | 0 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| 2015-16 | 111 | 32753149 | 83 | 2,03,96,519 | 24 | 04 | 75 |

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | 2014-15 | 2015-2016 | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 36,62,817 | 30,20,019 | (-)6,42,798 | (-)17.55 |
| നികുതിയേതര വരവുകൾ | 5,96,636 | 6,32,771 | (+)36,135 | (+)6 |
| മറ്റുവരവുകൾ | 28,558 | 29,458 | (+)900 | (+)3 |
| ആകെ | 42,88,011 | 36,82,248 | (+)6,05,763 | (+)14.13 |

2015-16 വർഷത്തിൽ ഗ്രാമപഞ്ചായത്തിന് 100% നികുതി പിരിവ് ലക്ഷ്യം കൈവരിക്കുവാൻ സാധിച്ചിട്ടില്ല.

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 78000 | 55 |
| കർഷകതൊഴിലാളി പെൻഷൻ | 2417370 | 335 |

| | | |
|---|---|---|
| വിധവാപെൻഷൻ | 5021400 | 520 |
| വാർദ്ധക്യകാലപെൻഷൻ | 5792400 | 908 |
| വികലാംഗപെൻഷൻ | 1635320 | 147 |
| വിവാഹധനസഹായം | 150000 | 5 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 652200 | 71 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17-10-2016ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4,832/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

ഗ്രാമ പഞ്ചായത്ത് കാര്യാലയത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനവുമായി ബന്ധപ്പെട്ട് കാണുന്ന അപാകങ്ങൾ താഴെ ചേർക്കുന്നു.

മാനവൽ ഓഫ് ഓഫീസ് പ്രൊസീജിയർ ഖണ്ഡിക 21 പ്രകാരം നിഷ്കർഷിച്ചിട്ടുള്ള പേഴ്സണൽ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. എം ഒ പി ഖണ്ഡിക 154(1) പ്രകാരം സൂക്ഷിക്കേണ്ട കോൾ ബുക്ക് സൂക്ഷിച്ചിട്ടില്ല.എം ഒ പി 154(2) പ്രകാരം സൂക്ഷിക്കേണ്ട റിമൈൻഡർ ഡയറി സൂക്ഷിച്ചുവരുന്നില്ല.

കേരള ഫിനാൻഷ്യൽ കോഡ് വോള്യം I ആർട്ടിക്കിൾ 156,157 എന്നിവ പ്രകാരം തയ്യാറാക്കേണ്ട സർവ്വെ റിപ്പോർട്ട് ഓഫ് സ്റ്റോഴ്സ്, റിപ്പോർട്ട് ഓഫ് സർപ്ലസ് സ്റ്റോഴ്സ് ഫോർ ഡിസ്പോസൽ എന്നിവ തയ്യാറാക്കിയിട്ടില്ല. കേരള ഫിനാൻഷ്യൽ കോഡ് വോള്യം I ആർട്ടിക്കിൾ 150 പ്രകാരം സൂക്ഷിക്കേണ്ട ഫർണ്ണിച്ചറുകളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിട്ടില്ല. ഐഡന്റിഫിക്കേഷൻ നമ്പർ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഫർണിച്ചറുകൾ ഏത് സാമ്പത്തിക വർഷകാലയളവിൽ വാങ്ങിയവയാണെന്ന് തിരിച്ചറിയുവാൻ സാധിക്കുന്നില്ല.

## 1-11 ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല

06.08.2012 ലെ സ.ഉ.(കൈ) നം.212/12, 18.07.2013 ലെ സ.ഉ.(കൈ) നം.255/13 എന്നീ ഉത്തരവുകൾ പ്രകാരം എല്ലാ ആസ്തികളും സുചിത്ര സോഫ്റ്റ് വെയർ മുഖേന രേഖപ്പെടുത്തേണ്ടതും

നേരത്തേ രേഖപ്പെടുത്തിയ റോഡുകളുടെ നീളം, ഭൂമിയുടേയും കെട്ടിടങ്ങളുടേയും വിസ്തൃതി തുടങ്ങിയ ആസ്തി സംബന്ധമായ അളവുകൾ നിർദ്ദേശിച്ച യൂണിറ്റുകളിലാക്കി രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ് എന്നും ഡിജിറ്റൽ രൂപത്തിൽ തയ്യാറാക്കിയ പ്രസ്തുത ആസ്തി രജിസ്റ്റർ ശില്പശാലകളിൽ പരിശോധിച്ച് കുറ്റമറ്റതാക്കിയ ഡാറ്റാബേസിന് ബന്ധപ്പെട്ട ഭരണസമിതിയിൽ നിന്നും അംഗീകാരം വാങ്ങേണ്ടതാണെന്നും നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ പഞ്ചായത്തിന്റെ ആസ്തികളിൽ കാലികമായ മാറ്റം വരുത്തി സാക്ഷ്യപ്പെടുത്തുന്നതിൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ തുടർച്ചയായി വീഴ്ച വരുത്തിയിട്ടുണ്ട്. പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ വരുന്ന ഏത് ആസ്തികളിലും നിർമ്മാണ പ്രവർത്തനങ്ങളും ആരംഭിക്കേണ്ടത് ആസ്തി രജിസ്റ്ററിനെ അടിസ്ഥാനമാക്കിയാണ് എന്നിരിക്കേ പ്രസ്തുത രജിസ്റ്റർ കുറ്റമറ്റതാക്കാത്തത് വീഴ്ചയായിട്ടാണ് ഓഡിറ്റിൽ വിലയിരുത്തുന്നത്. ആസ്തി രജിസ്റ്ററിൽ കാലികമായ മാറ്റങ്ങൾ വരുത്തി ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-12 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ്നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 24-09-16 | 01-08-16 മുതൽ 31-08-16വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 30-12-13 | 2008-09 മുതൽ 2012-13വരെ | എൽ.ബി.എ/എച്ച്.ക്യൂ4-8എ-2043/13-14/291തീയതി 07-12-14 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 ചെറുകുന്ന് ശ്രീ അന്നപൂർണ്ണേശ്വരി ക്ഷേത്രജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നില്ല.ഗ്രാമപഞ്ചായത്തിന് ലക്ഷക്കണക്കിന് രൂപയുടെ വരുമാനനഷ്ടം

ഗ്രാമപഞ്ചായത്ത് പരിധിയിൽവരുന്നതും, മലബാർ ദേവസ്വത്തിന് കീഴിലുള്ളതുമായ സുപ്രധാന ക്ഷേത്രമാണ് ചെറുകുന്ന് ശ്രീ അന്നപൂർണ്ണേശ്വരി ക്ഷേത്രം. എന്നാൽ ക്ഷേത്രജീവനക്കാരിൽ നിന്നും പഞ്ചായത്ത് നാളിതുവരെയായി തൊഴിൽ നികുതി ഡിമാൻഡ് ചെയ്യുകയോ പിരിച്ചെടുക്കുകയോ ചെയ്തിട്ടില്ലാത്തതിനാൽ ലക്ഷക്കണക്കിന് രൂപയുടെ വരുമാനനഷ്ടം പഞ്ചായത്തിനുണ്ടായിട്ടുണ്ട്.

ക്ഷേത്ര ജീവനക്കാരിൽ നിന്നും മുൻവർഷത്തെയുൾപ്പെടെയുള്ള തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.ഗ്രാമപഞ്ചായത്തിന് അറിയാവുന്ന ഒരു നികുതി സ്രോതസ്സ് ഡിമാന്റ് ചെയ്യുന്നതിലുണ്ടായ വീഴ്ച മൂലമുണ്ടായ വരുമാനനഷ്ടം ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 2-2 സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്തതിനാലുള്ള വരുമാനനഷ്ടം

ചെറുകുന്ന് ഗ്രാമപഞ്ചായത്ത് 2015-16 വർഷങ്ങളിൽ താഴെപറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| സ്ഥാപനം | വർഷം |
|---|---|
| ബട്ടർഫ്ലൈ ഇംഗ്ലീഷ് മീഡിയം സ്കൂൾ, ചെറുകുന്ന് | 2013-14, 2014-15, 2015-16 |
| മാവേലി സ്റ്റോർ, താവം | 2015-16 |

മേൽസ്ഥാപനങ്ങളിൽ നിന്നും ടേൺ ഓവറിന്റെ അടിസ്ഥാനത്തിലുള്ള സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

കാനോഷ്യൻ ചാരിറ്റബിൾ സൊസൈറ്റി : സ്ഥാപന തൊഴിൽ നികുതി അടവാക്കാത്തത്

ചെറുകുന്ന് ഗ്രാമപഞ്ചായത്ത് പരിധിയിൽ വരുന്ന കനോഷ്യൻ ചാരിറ്റബിൾ സൊസൈറ്റി സ്ഥാപനനികുതി അടവാക്കിയിട്ടില്ല. ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം 06/17.10.2016 ന് മറുപടിയായി പ്രസ്തുത സൊസൈറ്റി ഒരു ചാരിറ്റബിൾ സ്ഥാപനമായതിനാൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്ന് സെക്രട്ടറി അറിയിച്ചു. എന്നാൽ കാനോഷ്യൻ ചാരിറ്റബിൾ സൊസൈറ്റി എന്ന സ്ഥാപനത്തിൽ 13 ജീവനക്കാർ ജോലി ചെയ്യുന്നതായും എക്സ്റേ യൂനിറ്റ് ഉൾപ്പെടെ വരുമാനമുണ്ടാക്കുന്ന യൂണിറ്റുകൾ പ്രവർത്തിക്കുന്നതായും ഓഡിറ്റ് മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത സ്ഥാപനത്തിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

## 2-3 ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള അനധികൃത മൊബൈൽ ടവറുകൾ 8 എണ്ണം-നിയമനടപടി സ്വീകരിക്കുന്നതിലെ വീഴ്ച-പഞ്ചായത്തിന് നഷ്ടമാവുന്നത് ലക്ഷങ്ങൾ

പഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ 19.10.2016 ന് നടത്തിയ സംയുക്ത പ്രാദേശിക പരിശോധനയിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ കവിണിശ്ശേരിയിൽ M/S ഇൻഡസ് ടവേഴ്സ് ലിമിറ്റഡ് പാലാരിവട്ടം, എറണാകുളം എന്ന ഉടമസ്ഥതയിലുള്ള മൊബൈൽ ടവർ കമ്മീഷൻ ചെയ്ത് പ്രവർത്തിക്കുന്നതായി കണ്ടെത്തി. പ്രസ്തുത സ്ഥാപനം പഞ്ചായത്തിൽ കെട്ടിട നിർമ്മാണം കംപ്ലീഷൻ സർട്ടിഫിക്കറ്റിനുള്ള അപേക്ഷ നൽകുകയോ സർട്ടിഫിക്കറ്റ് കൈപ്പറ്റുകയോ ചെയ്തിട്ടില്ല. ടെലികോം ടവർ നിർമ്മിക്കാനായി പഞ്ചായത്ത് 11.11.2015 മുതൽ 10.11.2018 വരെ 3 വർഷ കാലയളവിലേക്കാണ് അനുമതി നൽകിയത്. കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011 ചട്ടം 130 ഉപചട്ടം (5) പ്രകാരം ടവർ നിർമ്മാണത്തിന് ഒരു വർഷ കാലയളവിലേക്കാണ് അനുമതി ലഭ്യമാക്കേണ്ടത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് എൻക്വയറി നം.8 - 18.10.2016 നൽകിയ മറുപടിയിൽ ലൈസൻസിന്റെ കാലാവധി തെറ്റായി രേഖപ്പെടുത്തി

പോയതായും ആയത് തിരുത്തി ബന്ധപ്പെട്ടവർക്ക് നൽകിയതിന്റെ പകർപ്പ് ഓഡിറ്റിന് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ചെറുകുന്ന് ഗ്രാമപഞ്ചായത്തിലുള്ള 10 മൊബൈൽ ടവറുകളിൽ 2 എണ്ണം മാത്രമാണ് നികുതി വിധേയമാക്കിയിട്ടുള്ളത്. ബാക്കിയുള്ള 8 മൊബൈൽ ടവറുകളെക്കൂടി നികുതി വിധേയമാക്കേണ്ടതാണ്.

## 2-4 നിർമ്മാണ ക്രമവൽക്കരണം - രജിസ്റ്റർ സൂക്ഷിപ്പ് അപാകങ്ങൾ

ബിൽഡിംഗ് പെർമിറ്റ് ക്രമവൽക്കരണം സംബന്ധിച്ച രജിസ്റ്ററിൽ ക്രമവൽക്കരണം നടത്തിയ സ്ഥലത്തിന്റെ അളവ് സംബന്ധിച്ച് കൃത്യമായി രേഖപ്പെടുത്തിയാൽ മാത്രമേ ക്രമവൽക്കരണ ഫീസ് ഈടാക്കിയതു സംബന്ധിച്ച കൃത്യത പരിശോധിക്കാൻ കഴിയൂ. എന്നാൽ ക്രമവൽക്കരണ രജിസ്റ്ററിൽ രേഖപ്പടുത്തുന്നത് കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണമാണ്. ഇതിൽ ക്രമവൽക്കരണം നടത്തിയതും അല്ലാത്തതുമായ ഭാഗം ഉൾപ്പെടുന്നതിനാൽ ക്രമവൽക്കരണഫീസ് ലഭ്യമാക്കിയതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. ക്രമവൽക്കരണം നടത്തുന്ന ഭാഗത്തിന്റെ അളവ് പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്.

## 2-5 ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള കെട്ടിടങ്ങൾ ലേലം ചെയ്യുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് അധീനതിയിലുള്ള ഏക വാടക കെട്ടിടമായ (CP IX-307) 04.07.2016 ന് ലേലം ചെയ്തുവെങ്കിലും ആരും ലേലത്തിൽ പങ്കെടുത്തില്ല. പ്രസ്തുത കെട്ടിടം 2016 മാർച്ച് 31 ന് അതുവരെയുള്ള വാടക അടച്ചുതീർത്ത് വാടകക്കാരൻ ഒഴിഞ്ഞുകൊടുത്തിട്ടുണ്ട്. 04.07.2016 ന് ശേഷം പുനർലേല നടപടികളൊന്നും കൈക്കൊള്ളാതെ പഞ്ചായത്ത് വാടക കെട്ടിടം ഒഴിച്ചിട്ടിരിക്കുകയാണ്. 2015-16 സാമ്പത്തിക വർഷം 18,000 രൂപ വാടകയിനത്തിൽ വരുമാനമുണ്ടായിരുന്ന പ്രസ്തുത കെട്ടിടം പുനർലേലം നടത്തി പഞ്ചായത്തിന് വരുമാനമുണ്ടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-6 ഡി&ഒ ലൈസൻസ് :സാനിറ്റേഷൻ സർട്ടിഫിക്കറ്റില്ലാതെ കച്ചവടസ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയത് സംബന്ധിച്ച്.

ഗ്രാമപഞ്ചായത്തിൽ 2015-16 വർഷത്തിൽ ആകെ ഡി& ഒ ലൈസൻസ് അനുവദിച്ച 384 സ്ഥാപനങ്ങളിൽ 51 സ്ഥാപനങ്ങൾ മാത്രമാണ് മെഡിക്കൽ ഓഫീസറിൽ നിന്നുള്ള സാനിറ്റേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കി പ്രവർത്തിക്കുന്നത്. ബാക്കി 333 സ്ഥാപനങ്ങൾ സാനിറ്റേഷൻ സർട്ടിഫിക്കറ്റ് ഇല്ലാതെയാണ് പ്രവർത്തിക്കുന്നത്.

ഡി &ഒ ലൈസൻസ് ലഭിക്കാനോ പുതുക്കാനോ ലഭിക്കുന്ന അപേക്ഷകളിൽ അന്വേഷണം നടത്തിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് അപേക്ഷ അംഗീകരിക്കുകയും നികുതി നിർണ്ണയിക്കുകയും ചെയ്യേണ്ടത്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഡി &ഒ ലൈസൻസിനുള്ള അപേക്ഷകളിൻമേൽ അപേക്ഷയെക്കുറിച്ചുള്ള ഹെൽത്ത് ഇൻസ്പെക്ടർമാരുടെ അന്വേഷണ റിപ്പോർട്ടോ സെക്രട്ടറിയുടെ തീരുമാനമോ ഒപ്പോ ഇല്ലാതെ നിരവധി അപേക്ഷകൾ അംഗീകരിച്ചിട്ടുണ്ട്. കൃത്യമായ നടപടിക്രമങ്ങൾ പാലിക്കാതെ ഡി &ഒ ലൈസൻസ് അനുവദിക്കുന്നത് അനുവദനീയമല്ല.

## 2-7 വരവിനങ്ങളുടെ പിരിവ് പുരോഗതി

വസ്തു നികുതി, തൊഴിൽ നികുതി, ഡി &ഒ ലൈസൻസ് ഫീ, വിനോദ നികുതി, വാടക

എന്നിവയാണ് ചെറുകുന്ന് ഗ്രാമപഞ്ചായത്തിന്റെ പ്രധാന വരവിനങ്ങൾ. ഇതിൽ വിനോദ നികുതി, വാടക ഇനങ്ങളിലായി നാമമാത്രമായ വരവാണുള്ളത്. പരസ്യനികുതി, സേവന നികുതി ഇനത്തിൽ നിലവിൽ വരവില്ല. പരസ്യ നികുതി പിരിച്ചെടുക്കാനായി ഗ്രാമപഞ്ചായത്ത് ബൈലോ ഭേദഗതി ചെയ്യാനുള്ള നടപടിക്രമങ്ങൾ പൂർത്തിയായിട്ടില്ല. 2015-16 വർഷത്തിൽ വിനോദ നികുതി, തൊഴിൽ നികുതി, വാടക, ഡി &ഒ ലൈസൻസ് ഫീ എന്നിവ ഡിമാൻഡ് ചെയ്ത് മുഴുവൻ തുകയും പിരിച്ചെടുത്തിട്ടുണ്ട്. എന്നാൽ വസ്തുനികുതി ഇനത്തിൽ വലിയ തുക കുടിശ്ശികയായിട്ടുണ്ട്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സേവനപുസ്തകം ഹാജരാക്കിയില്ല-ടെർമിനൽ സറണ്ടർ ഇനത്തിലെ 3,53,580/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഗ്രാമപഞ്ചായത്തിൽ നിന്നും 30-04-2015 ന് സെക്രട്ടറിയായി വിരമിച്ച ശ്രീ.എൻ.പി മുഹമ്മദലിക്ക് 260 ദിവസത്തെ ടെർമിനൽ സറണ്ടർ ഇനത്തിൽ വൗച്ചർ 21500435/11-09-15 പ്രകാരം 3,53,580/-രൂപ അനുവദിക്കുകയുണ്ടായി. [നിരക്ക്-21800 (അടിസ്ഥാനശമ്പളം)+ 18748(ക്ഷാമബത്ത)+ 250(എച്ച്.ആർ.എ)] സേവനപുസ്തകമോ സേവന പുസ്തകത്തിലെ പേജുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകളോ പരിശോധനക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ ആർജ്ജിതാവധി ടെർമിനൽ സറണ്ടർ ഇനത്തിൽ അനുവദിച്ച തുകയുടെ കൃത്യത പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല. മേൽ സൂചിപ്പിച്ച രേഖകൾ പരിശോധനക്ക് ഹാജരാക്കാത്തതിനാൽ 3,53,580/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-2 ഗ്രാമപഞ്ചായത്താഫീസിലേക്ക് ഫോട്ടോകോപ്പിയർ വാങ്ങൽ - പരമാവധി വിൽപ്പനവിലയിലും അധികരിച്ച് വില ഈടാക്കിയത് ക്രമപ്രകാരമല്ല:9411/-രൂപ ഈടാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്താഫീസിലേക്ക് ഫോട്ടോകോപ്പിയർ വാങ്ങൽ എന്ന പ്രോജക്ടിൽ(104/16) തനത് ഫണ്ടിൽ നിന്നും 75,411/-രൂപ (21500423/10-09-15) ചെലവഴിച്ച് ഡി.ജി.എസ്.ഡി. റേറ്റ് കോൺട്രാക്ട് പ്രകാരമുള്ള നിരക്കിൽ SAMSUNG SL.K.2200 ND മോഡൽ ഫോട്ടോ കോപ്പിയർ ഗ്രീൻ ചാനൽ സോല്യൂഷൻസ്, കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങിക്കുകയുണ്ടായി. പ്രൊജക്ട് നിർവഹണത്തിൽ താഴെപ്പറയുന്ന ക്രമക്കേടുകൾ കണ്ടെത്തുകയുണ്ടായി.

1. ഡി.ജി.എസ്.ഡി റേറ്റ് കോൺട്രാക്ട് പ്രകാരമുള്ള നിരക്കിൽ SAMSUNG SL.K.2200 ND/XIP മോഡൽ സപ്ലൈ ചെയ്യേണ്ടതിന് പകരം SAMSUNG SL.K.2200 ND മോഡൽ ആണ് സപ്ലൈ ചെയ്തത്.

2. ഫോട്ടോകോപ്പിയർ മെഷീൻ പായ്ക്കറ്റിൽ രേഖപ്പെടുത്തിയ പരമാവധി വിൽപ്പനവില (MRP) 66,000/-എന്നാണ്. ഇതിൽ തന്നെ 66,000 എന്ന സംഖ്യയിൽ 66 എന്ന അക്കം നേരത്തെ പ്രിന്റ് ചെയ്തിരുന്ന അക്കത്തിൽ മാറ്റം വരുത്തി ചേർത്തതായാണ് ഭൗതികപരിശോധനയിൽ കാണുവാൻ സാധിച്ചത്. ബില്ല് പ്രകാരമുള്ള വില 75411/- രൂപയാണ്(71820+5%ടാക്സ് ഉൾപ്പെടെ). ബില്ല് പ്രകാരമുള്ള നിരക്കിനെക്കാൾ കുറവാണ് പരമാവധി വിൽപ്പനവില(MRP). പരമാവധി വിൽപ്പനവിലയിലും അധികരിച്ച് വില ഈടാക്കിയത് ക്രമപ്രകാരമല്ല. ആയതിനാൽ ഈയിനത്തിൽ 9411/-രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല.

3. പർച്ചേസ് ഓർഡർ പ്രകാരമുള്ള സ്പെസിഫിക്കേഷനിലുള്ള ഫോട്ടോകോപ്പിയർ മെഷീൻ തന്നെയാണ് സപ്ലൈ ചെയ്തത് എന്നത് സംബന്ധിച്ച് ക്ഷമതയുള്ള പി.ഡബ്ല്യൂ.ഡി. ഇലക്ട്രോണിക്സ് വിഭാഗം എൻജിനീയറുടെ സാക്ഷ്യപത്രമില്ലാതെ തുക നൽകിയത് ക്രമപ്രകാരമല്ല.

പി.ഡബ്ല്യൂ.ഡി ഇലക്ട്രോണിക്സ് വിഭാഗം എൻജിനീയറുടെ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 66,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-3 ഫർണ്ണിച്ചർ വാങ്ങൽ-ടെണ്ടർ പ്രകാരം അംഗീകരിച്ച നിരക്കിനെക്കാൾ കുറഞ്ഞ നിരക്കിലുള്ളവ സപ്ലൈ ചെയ്തു:3150/-രൂപയുടെ നഷ്ടം ഈടാക്കേണ്ടതും പ്രൊക്യൂർമെന്റ് മാന്വലിലെ വ്യവസ്ഥകൾ ലംഘിച്ചതിന് കരാറുകാരനെതിരെ നടപടി സ്വീകരിക്കേണ്ടതുമാണ്.

സെക്രട്ടറി നിർവഹണം നടത്തിയ താഴെപ്പറയുന്ന പ്രൊജക്ടുകളുടെ ഭാഗമായി മേശ, കസേര എന്നീ ഫർണിച്ചറുകൾ വാങ്ങിക്കുകയുണ്ടായി. ടെണ്ടർ ക്ഷണിച്ചതിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത മൊണാൽ ട്രേഡിംഗ് കമ്പനി, മന്ന, തളിപ്പറമ്പ എന്ന സ്ഥാപനവുമായി നെഗോസിയേഷൻ നടത്തി നിശ്ചയിച്ച നിരക്കിൽ ഫർണ്ണിച്ചറുകൾക്ക് സപ്ലൈ ഓർഡർ നൽകുകയും വാങ്ങുകയുമാണുണ്ടായത്. ടെണ്ടർ പ്രകാരം നാഷണൽ കമ്പനിയുടെ ഹൈ ബാക്ക് ബാംബൂ കസേര (ഒന്നിന് 450/-രൂപക്ക്) സപ്ലൈ ചെയ്യേണ്ടതായിരുന്നു. എന്നാൽ സപ്ലൈ ചെയ്ത കസേരകൾ (ബില്ലിൽ പ്ലാസ്റ്റിക് ചെയർ ആംഡ് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്) ടെണ്ടർ പ്രകാരമുള്ളവയല്ലെന്നും കുറഞ്ഞ നിരക്കിലുള്ളവയാണെന്നും 21-10-16 തീയതിയിൽ നടത്തിയ പ്രാദേശിക പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. നാഷണൽ കമ്പനിയുടെ ഹൈ ബാക്ക് ബാംബൂ കസേരക്ക് പകരം റിലാക്സ് എന്ന മോഡലാണ് കരാറുകാരൻ സപ്ലൈ ചെയ്തത്. റിലാക്സ് മോഡലിന് ടെണ്ടർ പ്രകാരമുള്ള നിരക്ക് ഒന്നിന് 425/-രൂപയാണ്. എന്നാൽ ബില്ല് പ്രകാരം ഒന്നിന് 450/-രൂപ അനുവദിച്ചതിനാൽ 126 കസേര വാങ്ങിയതിൽ കരാറുകാരന് 3150/-രൂപ അധികം അനുവദിക്കുകയുണ്ടായി. വിശദവിവരം ചുവടെ കൊടുക്കുന്നു.

| പ്രൊജക്ടിന്റെ പേര് | വാങ്ങിയ കസേരകളുടെ എണ്ണം | വില | അധികം നൽകിയ തുക | വൗച്ചർ നമ്പർ/തീയതി |
|---|---|---|---|---|
| സാംസ്കാരിക നിലയങ്ങൾക്ക് ഫർണ്ണിച്ചർ(31/16) | 100 | 45000 | 2500 | 21500755/ 29-12-15 |
| ഗ്രാമകേന്ദ്രങ്ങൾക്ക് ഫർണ്ണിച്ചർ(32/16) | 26 | 117 | 650 | 21500754/ 29-12-15 |

| | | | | |
|---|---|---|---|---|
| ആകെ | 126 | 56700 | 3150 | |

അധികം നല്കിയ 3150/-രൂപ ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേണ്ടതാണ്. സാധനങ്ങൾ സ്റ്റോക്കിലെടുക്കുമ്പോൾ സപ്ലൈ ഓർഡർ പ്രകാരമുള്ളവയാണെന്ന് ഉറപ്പുവരുത്തുന്നതിൽ സെക്രട്ടറി ഉൾപ്പെടെയുള്ള ജീവനക്കാർ വീഴ്ച വരുത്തിയിട്ടുണ്ട്. ടെണ്ടറിൽ രേഖപ്പെടുത്തിയ ഇനത്തിന് പകരം വില കുറഞ്ഞ ഇനം സപ്ലൈ ചെയ്ത് പ്രൊക്യൂർമെന്റ് മാന്വലിലെ വ്യവസ്ഥകൾ ലംഘിച്ച കരാറുകാരനെതിരെയും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 3-4 പഞ്ചായത്താഫീസ് നവീകരണത്തിന്റെ ഭാഗമായി റബ്കോയിൽനിന്ന് ഫർണ്ണിച്ചർ വാങ്ങിയതിലും സ്ഥാപിച്ചതിലും അപാകങ്ങൾ - 11,44,945/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പഞ്ചായത്താഫീസ് നവീകരണം എന്ന പ്രോജക്ടിൽ(89/16) വികസനഫണ്ട് (ജനറൽ) 11,20,000/-രൂപയും(21500713/16-12-15) തനത് ഫണ്ടിൽ നിന്നും 24,495/-രൂപയും(21500847/27-01-16) ഉൾപ്പെടെ 11,44,945/-രൂപ ചെലവഴിച്ച് റബ്കോയിൽ നിന്ന് വിവിധ ഫർണ്ണിച്ചറുകളും മറ്റും വാങ്ങി സ്ഥാപിക്കുകയുണ്ടായി.ടെണ്ടർ ക്ഷണിക്കാതെ നേരിട്ടാണ് ഫർണ്ണിച്ചറുകളും മറ്റും വാങ്ങിയത്.റബ്കോയിൽ നിന്ന് ഫർണിച്ചർ വാങ്ങിയതിലും സ്ഥാപിച്ചതിലും താഴെപ്പറയുന്ന അപാകങ്ങൾ കണ്ടെത്തുകയുണ്ടായി.

1.സർക്കാർ ഉത്തരവ് പ്രകാരം നിശ്ചയിച്ച നിരക്കിനെക്കാളും അധികരിച്ച നിരക്കിൽ ഫർണ്ണിച്ചർ വാങ്ങിയത് ക്രമപ്രകാരമല്ല.

സ്റ്റോർ പർച്ചേസ്(എ)വകുപ്പിന്റെ 24-06-2014തീയതിയിലെ ജി.ഒ(ആർ.ടി)36/14/എസ് പിഡി ഉത്തരവ് പ്രകാരം നിശ്ചയിച്ച പരമാവധി വിൽപ്പനനിരക്കിനെക്കാളും അധികരിക്കാതെയുള്ള നിരക്കിൽ ടെണ്ടർ കൂടാതെ വാങ്ങുന്നതിനാണ് സർക്കാർ അനുമതി നൽകിയിട്ടുള്ളത്. എന്നാൽ ഫർണ്ണിച്ചറുകൾ വാങ്ങിയത് സർക്കാർ ഉത്തരവ് പ്രകാരം നിശ്ചയിച്ച നിരക്കിലും അധികരിച്ചുള്ള നിരക്കിലാണ്.ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമനമ്പർ | ഇനം | സർക്കാർ ഉത്തരവ് പ്രകാരം നിശ്ചയിച്ച നിരക്ക് | സപ്ലൈ ചെയ്ത നിരക്ക് | വാങ്ങിയ ഫർണ്ണിച്ചറുകളുടെ എണ്ണം. |
|---|---|---|---|---|
| 1 | സീനിയർ എക്സിക്യൂട്ടീവ് ടേബിൾ | 37854 | 44,715 | 1 |
| 2 | സീനിയർ എക്സിക്യൂട്ടീവ് ചെയർ (റിവോൾവിംഗ്) | 6136 | 7248 | 1 |
| 3 | എക്സിക്സിക്യൂട്ടീവ് വിസിറ്റേസ് ചെയർ | 5198 | 4401 | 11 |
| 4 | ഷെൽഫ് ബിഗ് | 19868 | 37053 | 12 |
| 5 | എക്സിക്യൂട്ടീവ് ടേബിൾ | 17204 | 20322 | 1 |

| | | | | |
|---|---|---|---|---|
| 6 | കമ്പ്യൂട്ടർ ടേബിൾ ചെറുത് | 4956 | 5854 | 1 |
| 7 | എക്സിക്യൂട്ടീവ് ചെയർ (റിവോൾവിംഗ്) | 5853 | 6913 | 1 |
| 8 | ഡോർ ഫോർ പാർട്ടീഷൻ | 13136 | 15517 | 1 |
| 9 | മാനേജർ ടേബിൾ | 14940 | 17648 | 1 |
| 10 | വർക്ക് സ്റ്റേഷൻ ടു സീറ്റർ വിത്ത് കമ്പ്യൂട്ടർ ഫെസിലിറ്റി | 42919 | 50697 | 3 |
| 11 | ജൂനിയർ എക്സിക്യൂട്ടീവ് ടേബിൾ | 14583 | 17226 | 1 |

ട്രാൻസ്പോർട്ടേഷൻ സംബന്ധിച്ച് ക്വട്ടേഷൻ ക്ഷണിക്കുകയോ റബ്കോയുമായി കരാറിലേർപ്പെടുകയോ ചെയ്യതിന് രേഖകളില്ലാത്തതിനാൽ അധികരിച്ച നിരക്ക് ട്രാൻസ്പോർട്ടേഷൻ ഇനത്തിലെ ചെലവായി അംഗീകരിക്കുവാൻ സാധ്യമല്ല.

2.സർക്കാർ ഉത്തരവ് പ്രകാരം നിരക്ക് നിശ്ചയിച്ചിട്ടില്ലാത്ത താഴെപ്പറയുന്ന ഇനങ്ങൾ വാങ്ങുകയും സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

| ക്രമനമ്പർ | ഇനം | നിരക്ക് | എണ്ണം |
|---|---|---|---|
| 1 | Partition as per drawing | 64,248 | 1 |
| 2 | ------------do------------ | 1,37,675 | 1 |

പാർട്ടീഷൻ വാൾ സ്ഥാപിച്ചതിന്റെ നിരക്ക് നൽകിയതിന്റെ അടിസ്ഥാനം വ്യക്തമാക്കിയിട്ടില്ല.

3-റബ്കോ ഓഫർ ചെയ്യുന്ന ഡിസ്കൗണ്ട് ലഭിച്ചിട്ടില്ല.

4-ഫർണ്ണിച്ചറുകൾക്ക് ഐഡന്റിഫിക്കേഷൻ നമ്പർ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഭൗതിക പരിശോധന കൃത്യമായി നടത്തുവാനായിട്ടില്ല.

5-ഷെൽഫ് (ബിഗ്) 12 എണ്ണം സപ്ലൈ ചെയ്തതായാണ് ബില്ലിലുള്ളത്.എന്നാൽ ഇതിൽ 2 എണ്ണം ഡോർ ഇല്ലാത്തവയാണ്.എന്നാൽ നിരക്ക് സമാനമാണ് .

6-1659/18-11-15,1574/06-11-15 ഇൻവോയ്സുകൾ(ഡെലിവറി) മാത്രമാണ് പരിശോധനക്ക് ഹാജരാക്കിയിട്ടുള്ളത്.1680,1681,1740 നമ്പർ ഇൻവോയ്സുകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

റബ്കോയിൽ നിന്നും ഫർണ്ണിച്ചർ വാങ്ങിയതിൽ മേൽസൂചിപ്പിച്ച അപാകങ്ങൾ ഉള്ളതിനാൽ 11,44,945/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-5 ഭവനനിർമ്മാണത്തിന് സ്ഥലം വാങ്ങൽ- ഭവനനിർമ്മാണത്തിന്

**അനുയോജ്യമല്ലാത്ത നഞ്ച(വയൽ) പ്രദേശത്തിലുൾപ്പെടുന്ന സ്ഥലം വാങ്ങി ഗുണഭോക്താവിന് നൽകിയത് ക്രമപ്രകാരമല്ല.1,50,000/-രൂപയുടെ ചെലവ് നിരാകരിക്കുന്നു.**

നിർവഹണം: അസിസ്റ്റന്റ് സെക്രട്ടറി

ഭവനനിർമ്മാണത്തിന് സ്ഥലം വാങ്ങൽ(എസ്.സി) എന്ന പ്രൊജക്ടിൽ (35/16) മഹിജ.കെ എന്ന ഗുണഭോക്താവിന് 1.21 ആർ സ്ഥലം വാങ്ങി നൽകിയതിന് വികസനഫണ്ടിൽ (എസ്.സി.പി)നിന്നും 150000/-രൂപ (ഡി.ഡി.നമ്പർ 270447/16-04-16) മടത്തിൽ വളപ്പിൽ കണിയാറക്കൽ അഹമ്മദ് ഹാജി എന്ന വ്യക്തിക്ക്(സ്ഥലം നൽകിയ വ്യക്തി) നൽകിയിട്ടുണ്ട് (സ്ഥലത്തിന്റെ കരമടച്ച രശീത് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല). ആധാരപ്രകാരം സ്ഥലം നഞ്ച(വയൽ) പ്രദേശത്തിലുൾപ്പെടുന്നതാണ്. പ്രസ്തുതവിഭാഗത്തിലുൾപ്പെടുന്ന സ്ഥലത്ത് സാധാരണനിലയിൽ ഭവനനിർമ്മാണനുമതി ലഭിക്കുകയില്ല. മാത്രവുമല്ല, താരതമ്യേന വില കുറഞ്ഞ പ്രദേശത്തിലുൾപ്പെടുന്ന സ്ഥലമാണ് നഞ്ച. ഗുണഭോക്താവ് നാളിതുവരെ ഭവന നിർമ്മാണം നടത്തിയിട്ടില്ല. 2016-17 വർഷത്തെ ഗ്രാമപഞ്ചായത്ത് ഭവന നിർമ്മാണ പ്രൊജക്ടുകളിൽ ഗുണഭോക്താവിനെ ഉൾപ്പെടുത്തിയിട്ടുമില്ല. ഭവനനിർമ്മാണത്തിന് അനുയോജ്യമല്ലാത്ത സ്ഥലം വാങ്ങി ഗുണഭോക്താവിന് നൽകി വികസനഫണ്ട് ചെലവഴിച്ചത് ക്രമപ്രകാരമല്ല. ക്രമപ്രകാരമല്ലാതെയുള്ള 1,50,000/-രൂപയുടെ ചെലവ് നിരാകരിക്കുന്നു.

## 3-6 പട്ടികജാതി കോളനികളിൽ സോളാർ എൽ.ഇ.ഡി ലാമ്പ് -ക്ഷമതയുള്ള എൻജിനീയറിംഗ് വിഭാഗത്തിൽ നിന്നുള്ള സാക്ഷ്യപത്രമില്ലാതെ കരാറുകാരന് തുക നൽകി- 2,55,600/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവഹണം: അസിസ്റ്റന്റ് സെക്രട്ടറി

പട്ടികജാതി കോളനികളിൽ സോളാർ എൽ.ഇ.ഡി ലാമ്പ് എന്ന പ്രോജക്ടിൽ(59/16) വികസനഫണ്ടിൽ (എസ്.സി.പി) നിന്നും 2,55,600/-രൂപ ചെലവഴിച്ച്(ഡി.ഡി നമ്പർ 265761/26-02-16) 9 സോളാർ എൽ.ഇ.ഡി ലാമ്പുകൾ(ഒന്നിന് 28,400/-രൂപ നിരക്കിൽ) ഗ്രാമപഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ സ്ഥാപിക്കുകയുണ്ടായി. ടെണ്ടർ പ്രകാരം കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ഫോട്ടോൺസ് സോളാർ പവർ ഡീലേർസ്, പയ്യന്നൂർ എന്ന സ്ഥാപനമാണ് സോളാർ എൽ.ഇ.ഡി ലാമ്പുകൾ സ്ഥാപിച്ചത്. എന്നാൽ ടെണ്ടർ വ്യവസ്ഥ പ്രകാരമുള്ള സ്പെസിഫിക്കേഷനിലുള്ള സോളാർ എൽ.ഇ.ഡി ലാമ്പുകളാണ് സ്ഥാപിച്ചത് എന്നതിന് ക്ഷമതയുള്ള പി.ഡബ്ല്യു.ഡി. ഇലക്ട്രോണിക്സ് എൻജിനീയറിംഗ് വിഭാഗത്തിൽ നിന്നുള്ള സാക്ഷ്യപത്രമില്ലാതെയാണ് കരാറുകാരന് തുക അനുവദിച്ചത്. പ്രസ്തുത സ്ഥാപനം സർക്കാർ അംഗീകൃത ഏജൻസിയാണോ എന്നതും സർക്കാർ സബ്സിഡി കഴിച്ചുള്ള തുകയാണോ ടെണ്ടറിൽ ക്വാട്ട് ചെയ്തിരുന്നത് എന്നതും പരിശോധനവിധേയമാക്കിയതിന് രേഖകളില്ല. പ്രവൃത്തിയുടെ സോഷ്യൽ മാപ്പും പരിശോധനക്ക് ഹാജരാക്കുകയുമുണ്ടായില്ല. പ്രൊജക്ട് സംബന്ധിച്ച വിവരങ്ങൾ എൽ.ഇ.ഡി. ലാമ്പുകൾ സ്ഥാപിച്ച തൂണുകളിൽ രേഖപ്പെടുത്താത്തതിനാലും സോഷ്യൽ മാപ്പ് ഇല്ലാത്തതിനാലും സ്ഥാപിച്ച വിളക്കുകൾ ഏത് ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ചതാണെന്ന് തിരിച്ചറിയുവാൻ സാധിക്കുന്നില്ല. എം.എൽ.എ, എം.പി ഫണ്ട് ഉപയോഗിച്ചും ഇത്തരം പദ്ധതികൾ നടപ്പിലാക്കി വരുന്നതിനാൽ പ്രൊജക്ട് സംബന്ധിച്ച വിവരങ്ങൾ എൽ.ഇ.ഡി ലാമ്പുകൾ സ്ഥാപിച്ച തൂണുകളിൽ രേഖപ്പെടുത്തേണ്ടത് അത്യാവശ്യമാണ്. ക്ഷമതയുള്ള പി.ഡബ്ല്യു.ഡി ഇലക്ട്രോണിക്സ് എൻജിനീയറിംഗ് വിഭാഗത്തിൽ നിന്നുള്ള സാക്ഷ്യപത്രമില്ലാതെയും മേൽ സൂചിപ്പിച്ച

നടപടിക്രമങ്ങൾ പാലിക്കാതെയുമുള്ള 2,55,600/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-7 ദാലിൽ ശ്മശാന റോഡ് സോളിംഗ് ടാറിംഗ് അപാകതകൾ

പ്രോജക്റ്റ് നമ്പർ പേര് - 86/16 ദാലിൽ ശ്മശാന റോഡ് സോളിംഗ് ടാറിംഗ്

അടങ്കൽ - 6,50,740 മെയിന്റനൻസ് ഫണ്ട് റോഡ്

ചെലവ് – ബിൽ നമ്പർ - 17/28-03-2015 – 4,48,542

ബിൽ നമ്പർ - 17/04/01-03-16 – 1,94,411

ആകെ - 6,42,953

കരാറുകാരന്റെ പേര് - കെ.ടി അബ്ദുൾ റഷീദ്

കരാർ തുക - 6,42,953

പ്രവൃത്തി ആരംഭിച്ച തീയ്യതി – 20-01-2015

പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയ്യതി - 19-05-2015

പ്രവൃത്തി പൂർത്തീകരിച്ച തീയ്യതി – 31-12-2015

1.കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ (ജി.ഒ.(പി)13/2012/പി.ഡബ്ല്യ.ഡി. തീയതി 01-02-2012) ഖണ്ഡിക2009.6 പ്രകാരം ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് നല്കിയതിന് ശേഷം 14 ദിവസത്തിനകം കരാർ ചമക്കണമെന്നും 14 ദിവസം കഴിഞ്ഞ് 10 ദിവസത്തിനകം PAC യുടെ 1% പിഴ ഈടാക്കി കരാറുടമ്പടി ചമയ്ക്കാമെന്നും വ്യക്തമാക്കിയിട്ടുണ്ട്. പ്രവൃത്തിയുടെ സെലക്ഷൻ നോട്ടിസ് നല്കിയ 05-01-2015 തീയതിയിൽ തന്നെ കൈപറ്റിയതായി സെലക്ഷൻ നോട്ടീസിൽ കരാറുകാരൻ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. സെലക്ഷൻ നോട്ടീസ് നല്കിയിട്ടുണ്ട്. എന്നാൽ 20-01-2015 ന് മാത്രമാണ് കരാർ ചമച്ചത്. സമയബന്ധിതമായി കരാർ ചമക്കാത്തതിന് കരാർ തുകയുടെ (642953) 1% പിഴ 6430 രൂപ ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (15/20-10-2016) മറുപടി പിന്നീട് പരിശോധിച്ച് അറിയിക്കുന്നതായിരിക്കുമെന്നാണ് അറിയിച്ചത്.

പൊതുമരാമത്ത് വകുപ്പ് മാന്വൽ സെക്ഷൻ 2112, 2112-1 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പൂർത്തീകരണത്തിനുള്ള time extension ഒറ്റത്തവണ (ഒറിജിനൽ സമയത്തിന്റെ 25% ൽ അധികരിക്കാവുന്നതല്ല. ഒറിജിനൽ സമയത്തിന്റെ 25 ശതമാനമോ അല്ലെങ്കിൽ 6 മാസം (ഏതാണോ കുറവെങ്കിൽ അത്). പരമാവധി extension, original time of completion ന്റെ 50% ൽ അധികരിക്കാൻ പാടില്ല. കരാറുടമ്പടിയിൽ വ്യവസ്ഥ ചെയ്ത സമയത്ത് പ്രവൃത്തി പൂർത്തീകരിക്കേണ്ടത് കരാറുകാരന്റെ ഉത്തരവാദിത്തമാണ്. 3 മാസം പൂർത്തീകരണ കാലാവധി നിശ്ചയിച്ചുകൊണ്ട് സൈറ്റ് ഏറ്റെടുക്കുകയും കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതിയായ 19-05-2015 നകം പൂർത്തീകരിക്കാതിരിക്കുകയും ഒറ്റത്തവണ 31-12-2015വരെ പിഴയില്ലാതെ ദീർഘീകരണം നല്കുകയും ചെയ്തതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (15/20-10-2016) മറ്റൊരു പ്രവൃത്തിയിൽ മണ്ണിട്ടുനിറച്ച് റോഡ് ഫോർമേഷൻ ഈ കാലയളവിനുള്ളിൽ നടത്തിയതായും പ്രസ്തുതഭാഗത്ത് ഉടനെ താറിംഗ് നടത്തിയാൽ റോഡ് തകരുമെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിക്കുകയുണ്ടായി. ഇക്കാര്യം കരാർ ചമക്കുമ്പോൾ തന്നെ അറിയാവുന്ന കാര്യമാണ്. ഇക്കാര്യം പരിശോധിക്കാതെയാണ് കരാറുകാരന്റെ അപേക്ഷയിൽ ഭരണസമിതി 22-06-2015 ലെ 61/2015(10) നമ്പർ തീരുമാനപ്രകാരം സമയം ദീർഘിപ്പിച്ച് നല്കിയത് മാന്വലിലെ വ്യവസ്ഥകൾക്ക് അനുസൃതമല്ല.

## 3-8 മൃഗാശുപത്രി കെട്ടിടം അനുബന്ധ സൗകര്യം ഒരുക്കൽ അപാകതകൾ

അടങ്കൽ – 2,20,000 മെയിന്റനൻസ് ഫണ്ട് റോഡ്

ചെലവ് ബിൽ നമ്പർ - 21/31-03-2016 - 1,95,525 രൂപ

കരാറുകാരന്റെ പേര് - സി.പി. അയൂബ്

കരാർ തുക - 2,00,444/-

കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ (ജി.ഒ.(പി)13/2012/പി.ഡബ്ല്യു.ഡി. തീയതി 01-02-2012) ഖണ്ഡിക 2009.6 പ്രകാരം ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് നല്കിയതിന് ശേഷം 14 ദിവസത്തിനകം കരാർ ചമക്കണമെന്നും 14 ദിവസം കഴിഞ്ഞ് 10 ദിവസത്തിനകം PAC യുടെ 1% പിഴ ഈടാക്കി കരാറുടമ്പടി ചമയ്ക്കാമെന്നും വ്യക്തമാക്കിയിട്ടുണ്ട്. പ്രവൃത്തിയുടെ സെലക്ഷൻ നോട്ടിസ് നല്കിയ 01-02-2016 തീയതിയിൽ തന്നെ കൈപ്പറ്റിയതായി സെലക്ഷൻ നോട്ടീസിൽ കരാറുകാരൻ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. സെലക്ഷൻ നോട്ടീസ് നല്കിയിട്ടുണ്ട്. എന്നാൽ 17-02-2016 മാത്രമാണ് കരാർ ചമച്ചത്. സമയബന്ധിതമായി കരാർ ചമക്കാത്തതിന് കരാർ തുകയുടെ (2,00,444) 1% പിഴ 2,004/- രൂപ ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (15/20-10-2016) മറുപടി പിന്നീട് പരിശോധിച്ച് അറിയിക്കുന്നതായിരിക്കുമെന്നാണ് അറിയിച്ചത്. പ്രസ്തുത പ്രവൃത്തിയിൽ ഇനം നമ്പർ 6 centaring and shuttering including strutting, propping etc and removal of form for.. എന്ന ഇനത്തിന് 36.72 x 470.77 = 17,286.67 എന്ന് രേഖപ്പെടുത്തുന്നതിന് പകരം 36.72 x 470.77 = 17,879.84 രേഖപ്പെടുത്തിയത് കാരണം 593 രൂപ അധികം നല്കിയിട്ടുണ്ട്. അധികം നല്കിയ തുക ഈടാക്കി ഒടുക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 3-9 മൃഗാശുപത്രി കെട്ടിടം നിർമ്മാണം പൂർത്തികരിച്ചിട്ടും പ്രവർത്തനം ആരംഭിച്ചിട്ടില്ല. 27ലക്ഷത്തിലധികം നിഷ്ക്രിയമായി കിടക്കുന്നു.

വിവിധ പ്രോജക്ടുകളിലായി 27ലക്ഷത്തിലധികം രൂപ ചെലവഴിച്ച് കെട്ടിട നിർമ്മാണം. ഇലക്ട്രിഫിക്കേഷൻ, ഫർണിച്ചർ വാങ്ങൽ എന്നീ പ്രവർത്തനങ്ങൾ മാർച്ച് 2016 ൽ പൂർത്തീകരിച്ചിട്ടും 2016 ഒക്ടോബർ മാസത്തിലും ആശുപത്രി പ്രവർത്തനം ആരംഭിച്ചിട്ടില്ല. വിശദവിവരം ചുവടെ കൊടുക്കുന്നു

| പ്രോജക്ട്നമ്പർ/പേര് | ചെലവ് |
|---|---|
| 98/16 മൃഗാശുപത്രി കെട്ടിടം നിർമ്മാണം | 22,55,448 |
| 114/16 മൃഗാശുപത്രി കെട്ടിടം അടിസ്ഥാന സൗകര്യമൊരുക്കൽ | 1,95,525 |
| 109/2016 മൃഗാശുപത്രി കെട്ടിടം വയറിംഗ് | 1,15,028 |
| 82/2016 മൃഗാശുപത്രിക്ക് ഫർണിച്ചർ വാങ്ങൽ | 1,75,731 |
| ആകെ | 27,41,732 |

മൃഗാശുപത്രി പ്രവർത്തനം എത്രയും പെട്ടെന്ന് ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

## 3-10 സമഗ്ര രോഗപ്രതിരോധ പരിപാടി അപാകതകൾ സംബന്ധിച്ച്

നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ.

പ്രൈമറി ഹെൽത്ത് സെന്റർ, ചെറുകുന്ന്

പ്രോജക്ട് നമ്പർ 27/2016 – അടങ്കൽ 1,39,000 ധനകാര്യകമ്മീഷൻ അവാർഡ്

ബിൽ നമ്പർ 03/15-16 തീയതി 15-10-2015 ₹22,800

ബിൽ നമ്പർ 06/15-16 തീയതി 16-12-2015 ₹ 5,250

ബിൽ നമ്പർ 10/15-16 തീയതി 11-02-2016 ₹14,000

ബിൽ നമ്പർ 14/15-16 തീയതി 23-03-2016 ₹20,300

ആകെ ₹62,300

1-ഫീൽഡ് തല പ്രതിരോധ കുത്തിവെയ്പ്പ് സംഘടിപ്പിക്കൽ, ടി.ബി.രോഗികൾക്ക് ന്യൂട്രീഷൻ പരിപാടി, അന്യസംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ സംരക്ഷണം, ഹോട്ടൽ വ്യാപാര സ്ഥാപനങ്ങളുടെ പരിശോധന ദേശിയ ആരോഗ്യ പരിപാടികളുടെ നടത്തിപ്പ് ബോധവല്കരണ പരിപാടികൾ എന്നിവയാണ് പ്രോജക്ട് കൊണ്ട് ഉദ്ദേശിച്ചത്. ആകെ ചെലവ്ചെയ്ത ₹62,300 ൽ ₹5,600 ഡി&ഒ പരിശോധനക്ക് ആവശ്യത്തിനായി ഉപയോഗിച്ച വാഹന വാടകയിനത്തിലാണ് ചെലവ് ചെയ്തത്. മിക്ക ട്രിപ്പ്ഷീറ്റിലും വാഹനത്തിന്റെ രജിസ്റ്റർ നമ്പർ രേഖപ്പെടുത്തിയിട്ടില്ല. (ഉദാഹരണത്തിന് 29-06-2015, 16-07-2015, 18-08-2015 ലെ യാത്രകൾ). ഹെൽത്ത് ഇൻസ്പെക്ടറുടെ ദൈനംദിന പ്രവൃത്തിയുടെ ഭാഗമായി വരുന്ന ഡി.ആന്റ് ഒ പരിശോധന പ്രോജക്ടിന്റെ ഭാഗമായി നടത്തിയത് ശരിയായ നടപടിയല്ല. ഭാവിയിൽ ഇത്തരം പ്രോജക്ടുകൾ വികസന ഫണ്ട് ഉപയോഗിച്ച് നടപ്പാക്കുന്നത് ഒഴിവാക്കേണ്ടതാണ്. 5600/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2-പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ ജി.ഒ.എം.എസ് 362/2013/ത.സ്വ.ഭ.വ. തീയതി 16-11-2013 അനുബന്ധം I-7-V പ്രകാരം രോഗ പ്രതിരോധ പ്രവർത്തനങ്ങൾ, ബോധവല്കരണ പരിപാടികൾ സർവ്വേകൾ, മറ്റ് വിവര ശേഖരണങ്ങൾ സാധാരണ ശുചീകരണ പ്രവർത്തനങ്ങൾക്ക് പുറമേ പ്രത്യേക സമയങ്ങളിൽ നടത്തേണ്ട ശുചീകരണ പ്രവർത്തനങ്ങൾ എന്നിവ ആരോഗ്യ വകുപ്പിലെ ഫീൽഡ് ജീവനക്കാർ, ആശാ വർക്കർമാർ എന്നിവരിലൂടെയും എൻ.ആർ.എച്ച്.എം. പരിപാടികൾ ഉപയോഗപ്പെടുത്തിയും ചെയ്യേണ്ടതാണ്. ഇക്കാര്യങ്ങൾ പരിഗണിക്കാതെ മുഴുവൻ പ്രവർത്തനങ്ങളുംധനകാര്യകമ്മീഷൻ അവാർഡ് തുക ഉപയോഗിച്ച് ചെയ്തത് ശരിയല്ല.

3-പ്രോജക്ട് പ്രകാരം ₹18,000 ടി.ബി.രോഗികൾക്ക് ന്യൂട്രീഷൻ പരിപാടിക്ക് വേണ്ടി ചെലവ്ചെയ്തിട്ടുണ്ട്. മാർഗ്ഗരേഖ അനുബന്ധം I-10 പ്രകാരം ഭക്ഷണ വിതരണ പരിപാടികളിൽ ടി.ബി.രോഗികൾക്ക് ന്യൂട്രീഷൻ ഉൾപ്പെടുന്നില്ല. മാർഗ്ഗരേഖയിൽ ഉൾപ്പെടാത്തതും, പ്രത്യേക ഉത്തരവ് പ്രകാരം അനുവദിച്ചവയല്ലാത്തതുമായ ഇനങ്ങൾക്ക് ഗവൺമെന്റിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. മുൻകൂർ അനുമതിയില്ലാതെ ടി.ബി.രോഗികൾക്ക് ന്യൂട്രീഷൻ പരിപാടിക്ക് ₹18000 നല്കിയത് ശരിയല്ല. 18,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. 23,600/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തിയത് (5,600

+ 18,000) പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്. മേൽ അപാകതകൾ ആവർത്തിക്കാതിരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-11 ഇ ടെണ്ടർ പ്രകാരം ലഭിച്ച ടെണ്ടർ ഫോറം വില പഞ്ചായത്ത് ഫണ്ടിൽ വരവ് വെച്ചിട്ടില്ല.

പൊതുമരാമത്ത് പ്രവൃത്തികളുടെ ഇ ടെണ്ടർ പ്രകാരം ലഭിച്ച ടെണ്ടർ ഫോറം, ഇ.എം.ഡി. തുകൾ പഞ്ചായത്ത് ഫണ്ടിൽ വരവ് വെച്ചിട്ടില്ല. പ്രസ്തുത തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിക്ഷേപിക്കുകയാണ് ചെയ്തിട്ടുള്ളത്. തുക തിരികെ ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | ടെണ്ടർ ഫോറം വില |
|---|---|---|
| 1 | കോൺവെന്റ് റോഡ് കവിണിശ്ശേരി വായനശാല റോഡ് ടാറിംഗ് | 2,520 |
| 2 | ഒതയമാടം അംഗൻവാടി വെങ്കീൽ റോഡ് ടാറിംഗ് | 3,150 |
| 3 | ആർ.കെ. ട്യൂട്ടോറിയൽ ഭാവന റോഡ് ടാറിംഗ് | 3,990 |
| 4 | കട്ടക്കളം ട്രാൻസ്ഫോമർ മുതൽ വെൽഫയർ സ്കൂൾ റോഡ് ഫോർമേഷൻ | 2,520 |
| 5 | കുവപ്രം എ.കെ.ജി. റോഡ് മെറ്റലിംഗ് | 2,730 |
| 6 | ചിതങ്കീൽ കോളനി സൈഡ് പ്രൊട്ടക്ഷൻ | 15,750 |
| 7 | താവം പോസ്റ്റാഫീസ് പള്ളിക്കര റോഡ് ടാറിംഗ് | 5,250 |
| ആകെ | | 35,910 |

## 3-12 ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്കും അർഹതയില്ലാത്തവർക്കും ക്ഷീര -ഉൽപ്പാദനബോണസ് നൽകിയത് അനുവദനീയമല്ല- 10,151/-രൂപയുടെ ചെലവ് നിരാകരിക്കുന്നു

2015-16 വർഷം വെറ്ററിനറി സർജ്ജൻ നിർവ്വഹണം നടത്തിയ ഉൽപാദന ബോണസ് എന്ന പദ്ധതിക്കായി ബിൽ നം.2/15-16 തീയ്യതി.31.3.16 പ്രകാരം 2,58,750/-രൂപ, ചെലവഴിച്ചിട്ടുണ്ട്. കണ്ണപുരം ക്ഷീര വ്യവസായ സഹകരണ സംഘം മുഖേനയാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ട കർഷകർ നൽകുന്ന പാലിന്റെ അളവനുസരിച്ച് ഒരു ലിറ്റർ പാലിന് 3/-രൂപ എന്ന തോതിൽ ഒരു വർഷത്തേക്ക് 10,000/- രൂപ പരിധിക്ക് വിധേയമായി ആണ് ആനുകൂല്യം അനുവദിക്കേണ്ടത്. എന്നാൽ പദ്ധതിക്കായുള്ള പഞ്ചായത്തിന്റെ അംഗീകരിച്ച ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടത് 68 പേരാണെങ്കിലും 73 പേർക്ക് ബോണസ് അനുവദിച്ചിട്ടുണ്ട്.

ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാത്ത 5 പേർക്ക് (രാജൻ.എം – ₹2,326/-രൂപ, ജനാർദ്ദനൻ.കെ.വി -₹2,062, മാധവി.പി -₹1,548, ശ്രീജ സുരേന്ദ്രൻ-₹1,781, രഞ്ജിനി പാറയിൽ- ₹2,434, ആകെ നൽകിയതുക = ₹10,151) ആനുകൂല്യം നൽകിയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണം (18/21.10.16) നൽകിയെങ്കിലും മറുപടി ലഭ്യമാക്കുകയുണ്ടായില്ല. ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവരും അർഹതയില്ലാത്തവരുമായ 5 വ്യക്തികൾക്ക് ക്ഷീര -ഉൽപ്പാദനബോണസ് നൽകിയതിന് ചെലവഴിച്ച ₹10,151/രൂപ തിരികെ ഈടാക്കേണ്ടതാണ്.

## 3-13 സർക്കാർ ഉത്തരവിൽ പറഞ്ഞതിനെക്കാൾ അധികരിച്ച നിരക്കിൽ ഫർണ്ണിച്ചർ വാങ്ങി. റബ്കോയുമായി കരാറിലേർപ്പെട്ടില്ല -175731/-രൂപ തടസ്സപ്പെടുത്തുന്നു.

മൃഗാശുപത്രിക്ക് ഫർണ്ണിച്ചർ വാങ്ങൽ എന്ന പ്രോജക്ടിൽ(82/16,മെയിന്റനൻസ് ഫണ്ട് റോഡിതരം) 1,75,731-രൂപയുടെ (ബിൽ നം.3/15-16തീയ്യതി.31.3.2016.ഡി ഡി നം.276994/19.04.2016 ) വിവിധ ഫർണ്ണിച്ചറുകളും മറ്റും റബ്കോയിൽ നിന്നും വാങ്ങി പുതുതായി പണി കഴിപ്പിച്ച മൃഗാശുപത്രി കെട്ടിടത്തിൽസ്ഥാപിക്കുകയുണ്ടായി.ടെണ്ടർ ക്ഷണിക്കാതെ നേരിട്ടാണ് ഫർണ്ണിച്ചറുകളും മറ്റും വാങ്ങിയത്. പർച്ചേസുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന കാര്യങ്ങൾ പാലിച്ചതായി കാണുന്നില്ല.

1.സർക്കാർ ഉത്തരവ് പ്രകാരം നിശ്ചയിച്ച പരമാവധി നിരക്കിനെക്കാളും അധികരിച്ച നിരക്കിലാണ് ഫർണ്ണിച്ചറുകൾ വാങ്ങിയിട്ടുള്ളത്. ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമനമ്പർ | ഇനം | സർക്കാർ ഉത്തരവ് പ്രകാരം നിശ്ചയിച്ച നിരക്ക് | സപ്ലൈ ചെയ്ത നിരക്ക് | റിമാർക്സ് |
|---|---|---|---|---|
| 1 | സീനിയർ എക്സിക്യൂട്ടീവ് ചെയർ (റിവോൾവിംഗ്) | 6,136 | 7,248 | |
| 2 | സെമി എക്സിക്സിക്യൂട്ടീവ് ടേബിൾ | 9,738 | 10,055 | |
| 3 | ഷെൽഫ് ബിഗ് | 19,868 | 21,957 | |
| 4 | സെമി എക്സിക്യൂട്ടീവ് ടേബിൾ | 17,204 | 20,322 | |
| 5 | വുഡൻ ചെയർ വിത്ത് ആം | 2,143 | 2,250 | |
| 6 | എക്സിക്യൂട്ടീവ് ചെയർ (റിവോൾവിംഗ്) | 5,853 | 7,248 | |
| 7 | മാനേജർ ടേബിൾ | 14,940 | 15,687 | |

2.ട്രാൻസ്പോർട്ടേഷൻ സംബന്ധിച്ച് റബ്കോയുമായി കരാറിലേർപ്പെട്ടിരുന്നതിന്റെ രേഖകൾ ഫയലിൽ ഇല്ല.

3.റബ്‌കോ ഓഫർ ചെയ്യുന്ന ഡിസ്കൗണ്ട് ലഭിച്ചിട്ടില്ല.ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(25/21.10.16) മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽകാരണത്താൽ ചെലവ് തുക 1,75,731/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-14 പദ്ധതിനിർവഹണം- പദ്ധതി മാർഗ്ഗരേഖയിൽവ്യക്തമാക്കിയ മാനദണ്ഡത്തിനനുസൃതമായി രേഖകൾ ഹാജരാക്കിയില്ല.ചെലവ് തുക 87500/- തടസ്സപ്പെടുത്തുന്നു.

സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് നിർവ്വഹണം നടത്തിയ കല്ലുമ്മക്കായ കൃഷി (വനിതാ ഗ്രൂപ്പ്) പ്രോജക്ട് നം. 46/16) എന്ന പദ്ധതിക്കായി ബിൽ നമ്പർ 2/15-16 തീയ്യതി 30.3.2016 പ്രകാരം 87,500/-രൂപ 2015-16 വർഷം ചെലവഴിച്ചിട്ടുണ്ട്. 5 പേരടങ്ങുന്ന 7 ഗ്രൂപ്പുകൾക്കായി 12,500/-രൂപ വീതം ധനസഹായം നൽകിയ പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കൾ മാർഗ്ഗരേഖയിൽ പരാമർശിച്ച പ്രകാരം 50ച.മി സ്ഥലത്ത് കൃഷി ചെയ്തതായികാണിക്കുന്ന രേഖകളോ, നിർവ്വഹണ ഉദ്യോഗസ്ഥന്റെ സാക്ഷ്യപ്പെടുത്തലോ ബന്ധപ്പെട്ട ഫയലിൽ ലഭ്യമല്ല. കൃഷിക്കാവശ്യമായ സാധനങ്ങൾ വാങ്ങിയതിന്റെ സാക്ഷ്യപ്പെടുത്തലില്ലാത്ത വൗച്ചറിന്റെ (സമാനമായ രീതിയിലുള്ളത്) അടിസ്ഥാനത്തിലാണ് ധനസഹായം അനുവദിച്ചിട്ടുള്ളത്. കൂടാതെ 12ാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ (ജി.ഒ(എം.എസ്) 362/2013 ത.സ്വ.ഭ.വ തീയ്യതി 16.11.2013) പ്രകാരം പദ്ധതിയുടെ ഗുണഭോക്താക്കൾ കർമ്മോന്മുഖ മത്സ്യതൊഴിലാളി, മത്സ്യകർഷ ക്ലബിൽ അംഗമായ നാമമാത്ര കർഷകർ/ പരമ്പരാഗത മത്സ്യ തൊഴിലാളികൾ, പരമ്പരാഗത മത്സ്യതൊഴിലാളികളുടെ ആശ്രിതർ – ഇവർ അടങ്ങിയ ഗ്രൂപ്പോ ആയിരിക്കണം. എന്നാൽ ഇത് സംബന്ധിച്ച രേഖകൾ, ഹാജരാക്കുകയോ നിർവഹണ ഉദ്യോഗസ്ഥന്റെ പരിശോധനാ റിപ്പോർട്ടിൽ പരാമർശിക്കുകയോ ചെയ്തിട്ടില്ല. ഇത്തരത്തിൽ രേഖകളുടെ അഭാവത്തിലും, കൃത്യമായ പരിശോധനാ റിപ്പോർട്ടില്ലാതെയും സബ്സിഡി അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (19/21.10.16) ലഭ്യമായ മറുപടി പരിഗണനാർഹമല്ല. ആയതിനാൽ ചെലവ് തുക 87,500/- തടസ്സപ്പെടുത്തുന്നു.

## 3-15 ആശ്രയ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

2015-16 വർഷം വി.ഇ.ഒ നിർവ്വഹണം നടത്തിയ ആശ്രയ ഭവന പദ്ധതി (61/16)പ്രകാരം ,ആശ്രയ ഗുണഭോക്താവായ കാട്ടാമ്പള്ളി മാതി എന്നവർക്ക് ഭവന നിർമ്മാണത്തിനായി ഇതുവരെ 3 ഗഡുക്കൾ(175000/-രൂപ) അനുവദിച്ചിച്ചുണ്ട്. എന്നാൽ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-16 മരുന്നുകൾ ലഭിക്കുന്നതിലുള്ള ദീർഘമായ കാലതാമസം -പ്രൊജക്ട് നിർവഹണത്തെ ബാധിക്കുന്നു.

നിർവഹണം: മെഡിക്കൽ ഓഫീസർ(ആയുർവേദം)

മെഡിക്കൽ ഓഫീസർ(ആയുർവേദം) നിർവഹണം നടത്തിയ ആയുർവേദാശുപത്രിക്ക് മരുന്ന് വാങ്ങൽ എന്ന പ്രോജക്ടിൽ 5,00,000/-രൂപ മെയിന്റനൻസ് ഫണ്ടിൽ (നോൺ റോഡ്) നിന്നും ചെലവഴിച്ചിട്ടുണ്ട്. ദി ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ (ഇൻഡ്യൻ മെഡിസിൻ), തൃശ്ശൂർ(ഔഷധി) എന്ന സർക്കാർ പൊതുമേഖല സ്ഥാപനത്തിൽ നിന്നാണ് മരുന്നുകൾ വാങ്ങിയത്. ഔഷധിക്ക് തുക നൽകിയതിന്റെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഡി.ഡി നമ്പർ/തീയതി | തുക |
|---|---|---|
| 1 | 312088/19-10-15 | 3,47,740 |
| 2 | 312269/26-10-15 | 1,52,260 |
| | ആകെ | 5,00,000 |

ഔഷധിയുമായി 11-11-2015 തീയതിയിൽ ഏർപ്പെട്ട കരാർ പ്രകാരം(തുക നൽകിയതിന് ശേഷമാണ് കരാർ ചമച്ചത്) തുക ലഭിച്ച് 60 ദിവസത്തിനകം മരുന്നുകൾ സപ്ലൈ ചെയ്യുവാനാണ് വ്യവസ്ഥ ചെയ്തിരുന്നത്. എന്നാൽ കരാർ കാലയളവിനുള്ളിൽ മരുന്നുകൾ മുഴുവൻ സപ്ലൈ ചെയ്യുന്നതിൽ ഔഷധി വീഴ്ച വരുത്തുകയുണ്ടായി. 2,27,735/-രൂപയുടെ മരുന്നുകൾ കരാർ കാലാവധിയും സാമ്പത്തികവർഷവും കഴിഞ്ഞാണ് ഔഷധി സപ്ലൈ ചെയ്തത്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമനമ്പർ | ഇൻവോയ്സ് നമ്പർ | മരുന്ന് ലഭിച്ച തീയതി | ലഭിച്ച മരുന്നിന്റെ വില |
|---|---|---|---|
| 1 | P 211/2015-16 | 05-12-15 | 2,38,552 |
| 2 | P 211a/2015-16 | 23-12-15 | 33,713 |
| 3 | P 211b/2015-16 | 31-12-15 | 37,308 |
| 4 | P 211c/2015-16 | 23-1-16 | 44,006 |
| 5 | P 211d/2015-16 | 18-4-16 | 4,410 |
| 6 | 77/261-2016 | 28-6-16 | 8,715 |
| 7 | 77a/261-2016 | 8-06-16 | 52,544 |
| 8 | 77b/261-2016 | 21-07-16 | 38,063 |
| 9 | 77c/261-2016 | 03-08-16 | 42,691 |

മരുന്നുകൾ ലഭിക്കുന്നതിലുള്ള കാലതാമസം പ്രൊജക്റ്റ് നിർവഹണത്തെയും ഡിസ്പെൻസറിയുടെ

സുഗമമായ പ്രവർത്തനത്തെയും സാരമായി ബാധിക്കുന്നതായി കാണുന്നു. കരാർ വ്യവസ്ഥ പ്രകാരമുള്ള കാലയളവിൽ മരുന്ന് ലഭിക്കുന്നതിന് കാലതാമസം നേരിട്ടതിന് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

## സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നതിലെ അപാകങ്ങൾ:

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ട് ഉപയോഗിച്ച് വാങ്ങുന്ന മരുന്നുകൾക്ക് ഓരോ സാമ്പത്തിക വർഷത്തിലും ഓരോ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്ന രീതിയാണ് നിലവിലുള്ളത്. സാമ്പത്തിക വർഷം തിരിച്ച് സ്റ്റോക്ക് രജിസ്റ്റർ എഴുതുന്നത് ശരിയായ രീതിയല്ല. മരുന്നുകളുടെ സ്റ്റോക്ക് വിവരങ്ങൾ ഒരു രജിസ്റ്ററിൽ എഴുതി തുടർന്നു വരുന്ന രീതിയിൽ സൂക്ഷിക്കേണ്ടതാണ്.

## 3-17 ആസ്പത്രി മാനേജിംഗ് കമ്മറ്റി ചേരുന്നതിലും കണക്കുകൾ തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കുന്നതിലും വീഴ്ചകൾ:

2010 ലെ കേരള പഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മറ്റികൾ) ചട്ടങ്ങളിലെ ചട്ടം 5 പ്രകാരം മാനേജിംഗ് കമ്മറ്റി നിലവിൽ വന്നു കഴിഞ്ഞാൽ അതിന്റെ ആദ്യയോഗം ഒരു മാസത്തിനകവും, തുടർന്നുള്ള യോഗങ്ങൾ മൂന്നു മാസത്തിലൊരിക്കലും ചേരേണ്ടതാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. ചട്ടം 9 പ്രകാരം വാർഷിക കണക്കുകൾ കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ് ഓഡിറ്റ് ചെയ്യേണ്ടതാണെന്നും വ്യവസ്ഥയുണ്ട്. ചെറുകുന്ന് സർക്കാർ ആയുർവേദ ഡിസ്പെൻസറിയിൽ 19-05-2007 തീയതിയിൽ മാനേജിംഗ് കമ്മറ്റി രൂപികരിച്ചിട്ടുണ്ട്. എന്നാൽ കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ കേവലം നാല് തവണ മാത്രമാണ് മാനേജിംഗ് കമ്മറ്റി യോഗംചേർന്നിട്ടുള്ളത്. (22-10-13, 23-09-14, 06-01-15, 30-04-16 തീയതികളിൽ). വാർഷികകണക്കുകൾ തയ്യാറാക്കി ഇതുവരെയും (2007-08 മുതലുള്ളത്) ഓഡിറ്റിന് സമർപ്പിച്ചിട്ടുമില്ല. മാനേജിംഗ് കമ്മറ്റി ചട്ടപ്രകാരം യോഗം ചേരാത്തതിനും വാർഷികകണക്കുകൾ തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കാത്തതിനും മറുപടി നൽകേണ്ടതാണ്.

## 3-18 നെൽകൃഷിക്ക് കൂലിച്ചെലവ് വിതരണം-ജില്ലാ പഞ്ചായത്ത് വിഹിതം 1,50,000/രൂപ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചില്ല.

ചെറുകുന്ന് ഗ്രാമ പഞ്ചായത്തിൽ 2015-16 വർഷം, കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നെൽകൃഷിക്ക് കൂലിച്ചെലവ് വിതരണം എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതിക്കായി (വികസന ഫണ്ട് 560150/-രൂപ, ബ്ലോക്ക് പഞ്ചായത്ത് 90000/-രൂപ, ജില്ലാ പഞ്ചായത്ത് 150000രൂപ)ആകെ 800150/-രൂപ വകയിരുത്തിയതിൽ വികസന ഫണ്ട് മാത്രമാണ് ചെലവഴിച്ചത്. പ്രസ്തുത പദ്ധതിക്കായുള്ള ജില്ലാ പഞ്ചായത്ത് വിഹിതം കൈപ്പറ്റുന്നതിനായി ജില്ലാ പഞ്ചായത്ത് നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രിൻസിപ്പൽ കൃഷി ഓഫീസർ 5.5.16 തീയ്യതിയിലെ ടിസി(1)9532/15 കത്ത് പ്രകാരം അറിയിക്കുകയുണ്ടായി. എന്നാൽ 2015-16 വർഷത്തെ പദ്ധതിക്കുള്ള തുക, ആ സാമ്പത്തിക വർഷത്തിന് ശേഷം ലഭിച്ചതിനാൽ അക്കൗണ്ട് ചെയ്യുന്നതിന് സാങ്കേതിക ബുദ്ധിമുട്ടുള്ളതായി അറിയിച്ച് പഞ്ചായത്ത് സെക്രട്ടറി പ്രസ്തുത തുക സ്വീകരിക്കുവാൻ നിർവ്വാഹമില്ലെന്ന് പ്രിൻസിപ്പൽ അഗ്രിക്കൾച്ചറൽ ഓഫീസർ കണ്ണൂരിനെ അറിയിക്കുകയാണുണ്ടായത്. ജില്ലാ പഞ്ചായത്ത് വിഹിതം യഥാസമയം ഗ്രാമപഞ്ചായത്തിന് അനുവദിക്കാതെ ജില്ലാപഞ്ചായത്തും പ്രസ്തുത തുക സ്വീകരിക്കുന്നതിലെ സാങ്കേതികതടസ്സങ്ങൾ കോ-ഓർഡിനേഷൻ കമ്മറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കുവാൻ ഗ്രാമപഞ്ചായത്തും വീഴ്ച വരുത്തിയതിനാൽ നെൽകർഷകർക്ക് 1,50,000/-രൂപ ലഭിക്കാതെ പോയത് ഉചിതമായ നടപടികൾക്ക് ശ്രദ്ധയിൽപ്പെടുത്തുന്നു. ജില്ലാ പഞ്ചായത്ത്

നിർവഹണ ഉദ്യോഗസ്ഥനായ പ്രിൻസിപ്പൽ കൃഷി ഓഫീസറിൽ നിന്നും തുക തിരിച്ചടച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

## 3-19 കൃഷിഭവനിലെ ട്രാക്ടറിന് ലോഗ് ബുക്ക് സൂക്ഷിക്കാത്തത് സംബന്ധിച്ച്

2014-15 സാമ്പത്തികവർഷം കൃഷി ഓഫീസിൽ വാങ്ങിയ കെ-എൽ-13 എഡി 8181 നമ്പർ ട്രാക്ടറിന് ലോഗ് ബുക്ക് സൂക്ഷിക്കുന്നില്ല. വിവിധ പാടശേഖരങ്ങൾക്കും മറ്റും ട്രാക്ടർ വാടകകക്ക് നൽകുന്നുണ്ട്. എന്നാൽ ലോഗ് ബുക്ക് സൂക്ഷിക്കാത്തതിനാൽ വാടക ഈടാക്കുന്നതിന്റെ കൃത്യത പരിശോധിക്കുവാനായിട്ടില്ല.കൂടാതെ വരവ് ചെലവ് കണക്കുകൾ സമ്പൂർണ്ണമാക്കി സൂക്ഷിച്ചിട്ടില്ല. ലോഗ് ബുക്കും നാളിതുവരെയുള്ള വരവ്-ചെലവ് കണക്കുകളും സമ്പൂർണ്ണമാക്കി പരിശോധനക്ക് ലഭ്യമാക്കുന്നതിന് വേണ്ട സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് കല്ല്യാശ്ശേരി | 2015-16 | 90000 | നെൽകൃഷിക്കുള്ള വിത്തും വളവും | 90000 | ഇല്ല |
| ജില്ലാ പഞ്ചായത്ത്, കണ്ണൂർ | 2015-16 | 112500 | ശാരീരികമാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്. | 111950 | 550 |
| ജില്ലാ പഞ്ചായത്ത്, കണ്ണൂർ | 2015-16 | 100000 | പാലിയേറ്റീവ് കെയർ | 99603 | 397 |

നീക്കിയിരിപ്പുള്ള തുക തിരിച്ചടക്കേണ്ടതാണ്.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവു വന്ന തുകയുടെയുംവായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വർഷം | വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ച ടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | |
|---|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | മുതൽ | പലിശ |
| 2015-16 | ഇ.എം.എസ് വായ്പ/ ഭവന നിർമ്മാണ പദ്ധതി | സ.ഉ(സാ).നം. 274/ 2010 തസ്വഭവ തീയതി 27-01-2010 4945000രൂപ വായ്പയെടുക്കാൻ | 3017192 | 542192 | 549692 | 122411 | 0 | 135651 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ (ഷെയർ സർട്ടിഫിക്കറ്റുകൾ)

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 26,000 |
| തൻവർഷം നിക്ഷേപിച്ച തുക | 4,000 |
| ആകെ | 30,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന തുക | 30,000 |

ഷെയർ സർട്ടിഫിക്കറ്റുകളുടെ വിവരങ്ങൾ

1. മലബാർ ടൂറിസം ഡവലപ്പ് മെന്റ് കോ-ഓപ്പറേറ്റീവ് ലിമിറ്റഡിന്റെ ഷെയർ സർട്ടിഫിക്കറ്റ് നം.195 തീയതി 13.10.2004 പ്രകാരം 20,000 രൂപയുടെ ബി ക്ലാസ് ഷെയർ .
2. കേരള കോ ഓപ്പറേറ്റീവ് ഹോസ്പിറ്റൽ കോംപ്ലക്സ് മെഡിക്കൽ സർവ്വീസ് ലിമിറ്റഡ്, പരിയാരം - ഷെയർ സർട്ടിഫിക്കറ്റ് നം.2621/9.9.2003, 5,000രൂ
3. കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ സൊസൈറ്റി, കണ്ണൂർ ഷെയർ സർട്ടിഫിക്കറ്റ് നം 42 തീയതി ഇല്ല - 5,000 രൂ)

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് * | 2,45,81,780 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് * | 3,01,47,729 |
| വരവിനങ്ങളിലുള്ള നഷ്ടം | --- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1,81,739 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 21,06,956 |

* Receipt & Payment Statement പ്രകാരം

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-2 | | 9,411 | ശ്രീ.പി.ബാലൻ,സെക്രട്ടറി |
| 3-3 | | 3,150 | ശ്രീ.പി.ബാലൻ,സെക്രട്ടറി |
| 3-5 | | 1,50,000 | ശ്രീ.എം.ശാർങ്ഗധരൻ,അസിസ്റ്റന്റ് സെക്രട്ടറി |
| 3-7 | | 6,430 | ശ്രീമതി രേഖ.എം,അസിസ്റ്റന്റ് എൻജിനീയർ |
| 3-8 | | 2,004<br>593 | ശ്രീമതി രേഖ.എം,അസിസ്റ്റന്റ് എൻജിനീയർ |
| 3-12 | | 10,151 | ശ്രീ.ഡോ:ആശബാലൻ, വെറ്ററിനറി സർജ്ജൻ |
| ആകെ | | 1,81,739 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 3,53,580 | ശ്രീ.പി.ബാലൻ,സെക്രട്ടറി |
| 3-2 | 66,000 | ശ്രീ.പി.ബാലൻ,സെക്രട്ടറി |

| | | |
|---|---|---|
| 3-4 | 11,44,945 | ശ്രീ.പി.ബാലൻ,സെക്രട്ടറി |
| 3-6 | 2,55,600 | ശ്രീ.എം.ശാർങ്ഗധരൻ,അസിസ്റ്റന്റ് സെക്രട്ടറി |
| 3-10 | 23,600 | ശ്രീ.ഡോ:അമൂല്യ ഭാർഗ്ഗവൻ,മെഡിക്കൽ ഓഫീസർ |
| 3-13 | 1,75,731 | ശ്രീ.ഡോ:ആശബാലൻ,വെറ്ററിനറി സർജ്ജൻ |
| 3-14 | 87,500 | ശ്രീ.പി.കണ്ണൻ,സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് |
| ആകെ | 21,06,956 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

2-1, 2-2, 3-2, 3-4, 3-13

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ
ഔദ്യോഗികമേൽവിലാസവും
സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| പി,ബാലൻ,സെക്രട്ടറി, ചെറുകുന്ന് ഗ്രാമപഞ്ചായത്ത് | സെക്രട്ടറി, ചെറുകുന്ന് ഗ്രാമപഞ്ചായത്ത്. | പോത്തൻ ഹൗസ്, കമ്പിൽ, നാറാത്ത്, കണ്ണൂർ |
| ശ്രീ.എം.ശാർങ്ഗധരൻ, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, ചെറുകുന്ന്ഗ്രാമപഞ്ചായത്ത്. | നന്ദനം, കടമ്പേരി, കാന്നൂൽ(പി.ഒ) |
| ശ്രീമതി രേഖ.എം, അസിസ്റ്റന്റ് എൻജിനീയർ | അസിസ്റ്റന്റ് എൻജിനീയർ, ചെറുകുന്ന് ഗ്രാമ പഞ്ചായത്ത്. | പള്ളിപറമ്പിൽ,നിയർ സെന്റ് മേരീസ് എൽ.പി സ്കൂൾ, പറശ്ശിനിക്കടവ്. |
| ഡോ:ആശബാലൻ, വെറ്ററിനറി സർജ്ജൻ | വെറ്ററിനറി സർജ്ജൻ ചെറുകുന്ന് ഗ്രാമ പഞ്ചായത്ത്. | ബിജിശ്രീ,തളാപ്പ് ഹൗസിംഗ് കോളനി,കണ്ണൂർ |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|

| | | | |
|---|---|---|---|
| 2005-06 | നം.എൽ എഫ് . കെഎൻ ആർ/ സി 7/1553/14(2) തീയതി: 06.12.14 | 1 | |
| 2006-07 | നം. എൽ എഫ് . കെഎൻ ആർ/ സി 7/1553/14(3) തീയതി: 06.12.14 | 1 | |
| 2007-08 | നം. എൽ എഫ് .കെഎൻ ആർ/ സി 7/1553/14(4) തീയതി: 06.12.14 | 7 | |
| 2008-09 | നം എൽ എഫ് കെഎൻ ആർ/ സി 7/1553/14(5) തീയതി: 06.12.14 | 3 | |
| 2009-10 | നം എൽ എഫ് കെഎൻ ആർ/ സി 7/1553/14(6) തീയതി: 06.12.14 | 3 | |
| 2010-11 | നം എൽ എഫ് കെഎൻ ആർ/ സി 7/1553/14(7) തീയതി: 06.12.14 | 4 | |
| 2011-12, 2012-13 | നം.എൽ.എഫ്/കെ.എൻ.ആർ/സി 7/245/14 തീയതി: 04.02.2016 | 7 | |
| 2013-2014, 2014-15 | നം.കെ.എസ്.എ/കെ.എൻ.ആർ /സി7-445 /2016 തിയ്യതി:13.04.16 | 4 | |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

# Annexure - 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

No.KSA/KNR/C7.1968/2016.

Kerala State Audit Department
District Audit Office, Kannur-670 001
Phone: 0497 2707698
e-Mail:doknr.ksad@kerala.gov.in
Dt: 04-01-2017.

Certified that I have audited the annual Financial Statement of Cherukunnu Grama Panchayat in Kannur District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my Opinion, the Financial Statements of Cherukunnu Grama Panchayat for the year 2015-16 except the observation in my audit report properly presents the picture of income and expenditure.

Deputy Director.
District Audit Office, Kannur.

# ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം: കെ.എസ്.എ/കെ.എൻ.ആർ/സി.7/1968-/2016.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ-670 001.

ഫോൺ:0497 2707698.

ഇ-മെയിൽ:doknr.ksad@kerala.gov.in

തീയ്യതി: 04-01-2017.

1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് എന്നിവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേഡുകൾ അവലംബിച്ചും കണ്ണൂർ ജില്ലയിലെ ചെറുകുന്ന് ഗ്രാമപഞ്ചായത്തിന്റെ 2015-16വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ചെറുകുന്ന് ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യപത്രിക, അതിന്റെ വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ.

# Annexure - 2

## INCOME AND EXPENDITURE STATEMENT OF CHERUKUNNU GRAMA PANCHAYAT FOR THE PERIOD FROM 1-4-2015 TO 31-3-2016

| CODE | HEAD OF ACCOUNT | SCHEDULE | AMOUNT ₹ |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 3,161,596.00 |
| 130000000 | Rental Income from panchayat properties | I-3 | 18000.00 |
| 140000000 | Fees & User Charges | I-4(b) | 396693.00 |
| 150000000 | Sale & Hire Charges | I-5(b) | 266888.00 |
| 151000000 | Receipts transferred institutions | I-5(a) | 250.00 |
| 160000000 | RevenueGrants,Funds,Contributions& Compensations | I-6 | 40344279.00 |
| 171000000 | Interest Earned | I-8 | 29458.00 |
| 180000000 | Other Income | I-9 | 237387.00 |
| A | Total Income | | 44,454,551.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 6160517.00 |
| 220000000 | Administrative Expenses | I-11(b) | 750033.00 |

| | | | |
|---|---|---|---|
| 230000000 | Operations & Maintenance | I-12(b) | 704928.00 |
| 240000000 | Interest & Finance Charges | I-13 | |
| 250000000 | Decentralised Plan Programme Productive Sector | I-14 | 4308876.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 10274617.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 750957.00 |
| 253000000 | Decentralised Plan Programme-Projects not in Sector | I-14(c) | 692397.00 |
| 254000000 | Expen.of Transferrred Institutions & State Spon. Schems | I-14(d) | 15860670.00 |
| 255000000 | Maintance Projects | I-14(e) | 2370236.00 |
| 270000000 | Provisions and Write off | I-16 | 9494.00 |
| 272000000 | Depreciation | I-17(a) | 627855.00 |
| B | Total Expenditure | | 42510580.00 |
| C=A-B | Gross Surplus / Defict Income over Expenditure | | 1943971.00 |
| D= 280000000 | Prior Period Item | I-18 | 714131.00 |
| E=C-D 290000000 | Gross Surplus/Defict of Income over Expenditure after prior Period items. Transfer to Reserve Funds | | 1229840.00 |
| | Net Balance being Surplus/Defict carried over to Balance Sheet (Panchayat Fund) | | |

# Annexure - 3

## RECEIPT AND PAYMENT STATEMENT OF CHERUKUNNU GRAMA PANCHAYATH FOR THE PERIOD FROM 1-4-2015 TO 31-3-2016

| Code No | Head Account | Schedule | Amount ₹ |
|---|---|---|---|
| | Opening Balance | | |
| | Bank<br>Cash | RP-40(a)<br>RP-40(a) | 9,004,598.89<br>108780.00 |
| | Receipts | | |
| Operating | | | |
| 110000000 | Tax Revenue | RP-1 | 860807 |
| 140000000 | Fees & User Charges | RP-4 | 327378.00 |
| 150000000 | Sale & Hire Charges | RP-5 | 262788.00 |
| 151000000 | Receipts from Transferred institutions | RP-6 | 250.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 5223382.00 |
| 171000000 | Interest Earned | RP-9 | 29458.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 14572606.00 |

| | | | |
|---|---|---|---|
| 350000000 | Other Liabilities | RP-36 | 238540.00 |
| Non Operating | | | |
| 311000000 | Earmarked Funds | RP-29 | 70.00 |
| 340000000 | Deposits Received | RP-34 | 266456.00 |
| 350000000 | Other Liabilities | RP-36 | 116356.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 2201817.00 |
| 460000000 | Loans,Advances and Deposits | RP-47 | 373905.00 |
| Grand Total | | | 33695158.89 |
| | Payments | | |
| Operating | | | |
| 210000000 | Establishment Expenses | RP-11 | 1705857.00 |
| 220000000 | Administrative Expenses | RP-12 | 750033.00 |
| 230000000 | Operations & Maintenance | RP-13 | 704928 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 2246049.00 |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 5544262.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 439688.00 |
| 253000000 | Decentralised Plan Programme-Projects not in Sector | RP-18 | 692397.00 |
| 254000000 | Expen.of Transferrred Institutions & State Spon. Schems | RP-19 | 341980.00 |

| | | | |
|---|---|---|---|
| | | | |
| 255000000 | Maintance Projects | RP-20 | 2370236.00 |
| 256000000 | Prior periodItem | RP-26 | -19201.00 |
| 260000000 | Grants,Funds&Contributions for Specific purposes | RP-31 | 31682.00 |
| 280000000 | Prior Perid Items | RP-36 | 3683259.00 |
| Non Operating | | | |
| 280000000 | Prior Period Item | RP-26 | -9496.00 |
| 330000000 | Secured Loans | RP-32 | 549692.00 |
| 340000000 | Deposits Received | RP-34 | 137003.00 |
| 350000000 | Other Liabilities | RP-36 | 1507877.00 |
| 410000000 | Fixed Assets | RP-38 | 7286598.00 |
| 412000000 | Capital Work in Progress | RP-40 | 1,598,140.00 |
| 460000000 | Loans, Advances and Deposits | RP-47 | 586745 |
| | Closing Balance | | |
| | Bank<br>Cash | RP-40(b)<br>RP-40(b) | 3547429.89<br>0.00 |
| Grand Total | | | 7,93,16,959 |

# Annexure - 4

# BALANCE SHEET OF CHERUKUNNU GRAMA PANCHAYATH AS ON 31-3-2016

| Code No | Description of Items | Schedule No | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat Fund | B-1 | 5864544.46 |
| 311000000 | Earmarked Funds | B-2 | 11830.00 |
| 312000000 | Reserves | B-3 | 19632779.00 |
| | Total Reserve & Surplus | | 25509153.46 |
| | Grants , Contribution for specific purposes | | |
| 320000000 | Grants, Funds,Contributions for specific purposes | B-4 | 1527436.50 |
| | Total Grants,Contribution for specific purposes | | 1527436.50 |
| | Loans | | |
| 330000000 | Secured Loans | B-5 | 0.00 |
| | Total Loans | | 0.00 |
| | Current Liabilities and Provisions | | |
| 34000000 | Deposits Received | B-7 | 711852.00 |
| 350000000 | Other Liabilities | B-9 | 689540.93 |
| | Total Current Liabilities and Provisions | | 1401392.93 |
| | TOTAL LIABILITIES | | 28437982.89 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 26720333.00 |

| | | | |
|---|---|---|---|
| 411000000 | Accumulated Depreciation | B-11 | (3278295.00) |
| 412000000 | Capital Work In Progress | B-11(a) | 802692.00 |
| | Total Fixed Assets | | 24244730.00 |
| | Investments | | |
| 420000000 | Investments | B-12 | 30000.00 |
| | Total Investments | | 30000.00 |
| | Current Assets,Loans and Advances | | |
| 430000000 | Stock in Hand | B-14 | 0.00 |
| 431000000 | Sundry Debtors (Receivables) | B-15 | 433523.00 |
| 440000000 | Prepaid Expenses | B-16 | 0.00 |
| 450000000 | Cash and Bank balance | B-17 | 3547429.89 |
| 460000000 | Loans, Advances and Deposits | B-18 | 182300.00 |
| | Total Current Assets,Loans and Advances | | 4163252 |
| | TOTAL ASSETS | | 28437982.89 |